# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

**അരയിടത്ത് പാലം കാരന്തൂർ റോഡ് വികസനത്തിന് വേണ്ടി കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിലെ ചെലവൂർ, കുന്ദമംഗലം, നെല്ലിക്കോട് വില്ലേജുകളിൽ നിന്നും ഭൂമി ഏറ്റെടുക്കൽ**

# കരട് രേഖ

റവന്യൂ (ബി) വകുപ്പ് ചുമതലപ്പെടുത്തിയത്

| ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ | അർത്ഥനാധികാരി |
|---|---|
| **സ്പെഷ്യൽ തഹസിൽദാർ, (എൽ.എ), ജനറൽ, കോഴിക്കോട്** | **കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി), പി.എം.യു കോഴിക്കോട്/ വയനാട്** |


**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്**

രാജഗിരി ഔട്ട്റീച്ച്
രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (ഓട്ടോണമസ്)
കളമശേരി, രാജഗിരി.പി.ഒ, പിൻ: 683 104
എറണാകുളം ജില്ല
ഫോൺ: 0484 2911332/2550785
outreach@rajagiri.edu
https://rajagirioutreach.org


**28 നവംബർ 2025**

**ഉള്ളടക്കം**

**അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2. പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6. ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവര ശേഖരണം നടത്തിയ രീതിയും.

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെ ക്കുറിച്ചുമുള്ള അവലോകനം

3.5. തൽപ്പരകക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

4.7. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം.

4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും, ഉപയോഗവും

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്.**

5.1. കുടുംബങ്ങളുടെ എണ്ണം

5.1.1. പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2. വരുമാനവും ദാരിദ്ര്യതലവും

6.3. ദുർബ്ബലജനവിഭാഗം

6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5. പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8. ഭരണ സംഘടനകൾ

6.9. രാഷ്ട്രീയ സംഘടനകൾ

6.10. സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11. പ്രാദേശികവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7: സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2. ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടിക്രമങ്ങൾ

7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി.

7.7. അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം.

**അദ്ധ്യായം 8: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം**

8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2. ഗവർണ്മെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യപ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

**അദ്ധ്യായം 11: നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1. പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

**പട്ടികകൾ**

1.3.1. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം

1.5.1. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ

1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും

3.1.1. പഠനസംഘം

5.1.1. ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ

5.6.1: വാടകക്കാർ & തൊഴിലാളികൾ

5.6.2: വഴിയോരകച്ചവടക്കാർ & തൊഴിലാളികൾ

7.6.1. സാമൂഹ്യപ്രത്യാഘാത ലഘൂകരണ പദ്ധതി

# ആമുഖം

സാമൂഹ്യ പ്രവർത്തന വിദ്യാഭ്യാസ രംഗത്ത് തനത് മുദ്രപതിപ്പിച്ചിട്ടുള്ള, എറണാകുളം ജില്ലയിലെ കളമശേരിയിൽ സ്ഥാപിതമായിട്ടുള്ള രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൽ പ്രവർത്തിച്ചുവരുന്ന, ട്രാവൻകൂർ- കൊച്ചിൻ ലിറ്ററി, സയൻറിഫിക് ആൻറ് ചാരിറ്റബിൾ സൊസൈറ്റീസ് നിയമം 1955 പ്രകാരം 27.03.2022 ൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സർക്കാരിതര സംഘടനയാണ് രാജഗിരി ഔട്ട്റീച്ച്. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൻെറ ഒരു സാമൂഹ്യ സേവന വിഭാഗമായി രാജഗിരി ഔട്ട്റീച്ച് പ്രവർത്തിക്കുന്നു. സാമൂഹ്യ സേവന പ്രവർത്തനങ്ങളോടൊപ്പം, വിവിധങ്ങളായ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും രാജഗിരി ഔട്ട്റീച്ച് ചെയ്യുന്നുണ്ട്. RFCTLARR നിയമം 2013 അനുസരിച്ച് നടപ്പിലാക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ അംഗീകാരം രാജഗിരി ഔട്ട്റീച്ചിന് ലഭിച്ചിട്ടുണ്ട്.

2025 ആഗസ്റ്റ് 21 തീയതിയിലെ നമ്പർ 3027, വാല്യം 14 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള റവന്യു (ബി) വകുപ്പിൻെറ വിജ്ഞാപനം നമ്പർ സ.ഉ.(അച്ചടി)നം.309/2025/റവ പ്രകാരം അരയിടത്ത്പാലം കാരന്തൂർ റോഡ് വികസനത്തിൻെറ ഭാഗമായി മെഡിക്കൽ കോളേജ് മുതൽ കാരന്തൂർ വരെയുള്ള (സ്ട്രെച്ച് -2) വികസനത്തിന് വേണ്ടി കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിലെ ചെലവൂർ, കുന്ദമംഗലം, നെല്ലിക്കോട് വില്ലേജുകളിൽ നിന്നും ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് അദ്ധ്യക്ഷയായ രാജഗിരി ഔട്ട്റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശ്ശേരിയെ ചുമതലപ്പെടുത്തിയതനുസരിച്ച് നടത്തിയ പഠനത്തിൻെറ കരട് രേഖയാണിത്. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ൻെറ ചട്ടം 15(5) അനുശാസിക്കുന്ന പ്രകാരം **സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണവും** (അദ്ധ്യായം:7) ഉൾപ്പെടുത്തി കൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ ഫോറം നമ്പർ 6 ൽ തയ്യാറാക്കിയിട്ടുള്ളത്.

**മീന കുരുവിള**
**പ്രോജക്ട് ഡയറക്ടർ & ചെയർപേഴ്സൺ**

# അദ്ധ്യായം 1
# പഠനത്തിൻെറ സംക്ഷിപ്ത രൂപം

### 1.1. പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

ഒരു രാജ്യത്തിൻെറ അഭിവൃദ്ധി അനുബന്ധ സൗകര്യങ്ങളുടെ വികസനത്തെ ആശ്രയിച്ചിരിക്കുന്നു. ഗതാഗതം, ഊർജം, ആശയവിനിമയ സംവിധാനം തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ നവീകൃതമാക്കുന്നതിലൂടെ ജീവിതനിലവാരത്തെ പ്രത്യക്ഷമായി ബാധിക്കുന്ന വിദ്യാഭ്യാസം, ആരോഗ്യം, എന്നിവ ഉൾപ്പടെയുള്ള സാമൂഹിക സൗകര്യങ്ങളുടെ വികസനത്തിന് വഴിതെളിയും. ജനങ്ങളുടെയും ചരക്കുകളുടെയും ഗതാഗതത്തിന് അനുബന്ധ സൗകര്യങ്ങൾ ഉണ്ടായിരിക്കുക എന്നത് സാമ്പത്തിക വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിന് ഒരു മുൻ ഉപാധിയാണ്. ആയതിനാൽ കാര്യക്ഷമമായ റോഡ് സൗകര്യം ഉണ്ടായിരിക്കുക എന്നത് രാജ്യത്തിൻെറ വികസനത്തിന് അത്യന്താപേക്ഷിതമാണ്.

അരയിടത്തുപാലം, കാരന്തൂർ എന്നിവ കോഴിക്കോട് ജില്ലയിലെ രണ്ട് പ്രധാന ജംഗ്ഷനുകളാണ്. ഈ ജംഗ്ഷനുകളെ ബന്ധിപ്പിക്കുന്ന അരയിടത്ത്പാലം – മെഡിക്കൽ കോളേജ്–കാരന്തൂർ റോഡ് വികസിപ്പിക്കുക എന്നതാണ് നിലവിലെ പദ്ധതി. ഏകദേശം 11.895 കിലോമീറ്റർ ദൂരം വരുന്ന ടി റോഡ് അരയിടത്തുപാലം ജംഗ്ഷനിൽ നിന്ന് ആരംഭിച്ച് തൊണ്ടയാട്, മെഡിക്കൽ കോളേജ് ജംഗ്ഷൻ വഴി ദേശീയ പാത 744 ലെ കാരന്തൂർ ജംഗ്ഷനിൽ അവസാനിക്കുന്നു. ടി പദ്ധതി രണ്ട് സ്ട്രെച്ചുകളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. അരയിടത്ത്പാലം മുതൽ കോഴിക്കോട് മെഡിക്കൽ കോളേജ് വരെ സ്ട്രെച്ച് 1 ഉം മെഡിക്കൽ കോളേജ് മുതൽ കാരന്തൂർ ജംഗ്ഷൻ വരെ സ്ട്രെച്ച് 2 ഉം ആയാണ് തിരിച്ചിരിക്കുന്നത്.

ഒരു പ്രധാന ജില്ലാ റോഡായ മെഡിക്കൽ കോളേജ്–കാരന്തൂർ റോഡിൻെറ, അതായത് സ്ട്രെച്ച് 2 ൻെറ നിലവിലെ അവസ്ഥ ഏറെക്കുറെ എല്ലായിടങ്ങളിലും വളരെ മോശമാണ്. കാരേജ്വെയുടെ വീതി ഏകദേശം 6 മുതൽ 8 മീറ്റർ വരെയും, ആകെ വീതി (ROW) ഏകദേശം 15 മുതൽ 20 മീറ്റർ വരെയുമാണ്. ഈ റോഡിലെ നിലവിലെ ഗതാഗത തിരക്ക് റോഡിന് ഉൾക്കൊള്ളാവുന്നതിനും അപ്പുറമാണ്. ശരിയായ ഡ്രെയ്നേജ് സൗകര്യമില്ലാത്തതിനാൽ റോഡിൽ പലയിടങ്ങളിലും വെള്ളക്കെട്ട് പതിവാണ്. നിലവിലെ ട്രാഫിക്ക് അനുസരിച്ച് മെഡിക്കൽ കോളേജ്–കാരന്തൂർ റോഡ് നാല് വരി പാതയായി

പുനർനിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ, ടി റോഡിൻെറ അടിയന്തിര പ്രാധാന്യം മനസ്സിലാക്കി, സ്ട്രെച്ച് 2 ൻെറ വികസന പ്രവർത്തനത്തിനാണ് കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി ആദ്യം അനുമതി ലഭ്യമായിട്ടുള്ളത്. ടി പദ്ധതി പൂർത്തീകരിക്കുന്നതോട് കൂടി യാത്രക്കാർക്ക് യാത്രാസമയം, ഇന്ധനചെലവ്, ഗതാഗത തടസം എന്നിവ കുറയുകയും റോഡ് യാത്രികരുടെ സുരക്ഷാസാധ്യതകൾ മെച്ചപ്പെടുകയും ചെയ്യും. കൂടാതെ, വയനാട് ജില്ലയിൽ നിന്നും മറ്റും കാരന്തൂർ – മെഡിക്കൽ കോളേജ് റോഡ് വഴി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് വരുന്ന രോഗികൾക്കും മറ്റും ഈ പദ്ധതി വലിയൊരു ആശ്വാസമാവുകയും പ്രദേശത്തിൻെറ സമഗ്ര വികസനത്തിനു കാരണമാകുകയും ചെയ്യും.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(1)b പ്രകാരം നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യങ്ങളിൽ ഉൾപ്പെടുന്നു.

### 1.2. പദ്ധതി പ്രദേശം

അരയിടത്ത്പാലം കാരന്തൂർ റോഡ് വികസന പദ്ധതിയുടെ മെഡിക്കൽ കോളേജ് ജംഗ്ഷൻ മുതൽ കാരന്തൂർ ജംഗ്ഷൻ വരെയുള്ള സ്ട്രെച്ച് 2 ൻെറ വികസനത്തിനായി റോഡിൻെറ ഇരുവശങ്ങളിലുമുള്ള ഭൂമിയാണ് ഏറ്റെടുക്കുന്നത്. ഏറ്റെടുക്കുന്ന ഭൂമി കോഴിക്കോട് താലൂക്കിലെ ചെലവൂർ, നെല്ലിക്കോട്, കുന്നമംഗലം വില്ലേജുകളിൽ ഉൾപ്പെടുന്നു. പ്രധാനമായും മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്ന സ്ഥലം, മുനിസിപ്പൽ കോർപ്പറേഷൻെറ അധീനതയിലുള്ള സ്ഥലം, വീട്, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ, വായനശാല, പോലീസ് സ്റ്റേഷൻ, തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സ്ഥലം, പാടം, മരങ്ങൾ, ഫല വൃക്ഷങ്ങൾ, സ്ഥിതി ചെയ്യുന്ന സ്ഥലം എന്നിവ ഏറ്റെടുക്കുന്ന ഭൂമിയിൽ ഉൾപ്പെടുന്നു. പദ്ധതി പ്രദേശത്ത് എല്ലാ അവശ്യ സൗകര്യങ്ങളും ലഭ്യമാണ്.

### 1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

2025 ആഗസ്റ്റ് 21 തീയതിയിലെ നമ്പർ 3027, വാല്യം 14 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള റവന്യു (ബി) വകുപ്പിൻെറ വിജ്ഞാപനം നമ്പർ സ.ഉ.(അച്ചടി)നം.309/2025/റവ പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി അതായത് അരയിടത്ത്പാലം കാരന്തൂർ റോഡ് വികസനത്തിന് വേണ്ടി കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിലെ ചെലവൂർ, കുന്ദമംഗലം, നെല്ലിക്കോട് വില്ലേജുകളിൽ നിന്നും

ഏകദേശം 5.5321 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത ഉത്തരവിൽ ചേർത്തിരിക്കുന്ന സ്ഥല വിവരങ്ങൾ പട്ടിക 1.3.1 ൽ പ്രതിപാദിക്കുന്നു.

**പട്ടിക 1.3.1.: പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം**

ജില്ല: കോഴിക്കോട് താലൂക്ക് : കോഴിക്കോട്

| സർവ്വെ നമ്പർ | വില്ലേജ് | വിസ്തീർണ്ണം ഹെക്ടർ |
|---|---|---|
| **മായനാട്** : 4/1, 4/4, 7, 11/6B, 11/7, 11/4B, 11/3A, 11/2A, 13/5, 13/4A, 13/2A, 19/7A, 19/7B, 22/7A, 23/5, 23/3, 23/2B2B3, 23/2B2C, 26/13, 26/15, 26/14, 26/11, 26/10, 26/5, 26/6, 26/2B, 26/2A, 26/1, 27/1, 32/1, 32/2, 32/3, 37, 38, 40/1B1A, 40/1B4A, 40/2, 41/1, 41/2, 42/1, 42/2, 42/3, 42/4, 45/1, 46/5A, 46/5B, 46/5C, 83/5A, 83/5B, 83/5C, 83/4A, 83/2, 83/1D, 83/1C, 83/1A2, 85/7, 85/3, 85/4C1, 85/4B1, 85/4A1, 85/2A, 87/3A, 87/4A, 87/5A, 97/6, 87/9, 87/8, 90 1A, 92/1B, 92/2, 92/3, 92/4, 92/5, 93/1B<br><br>**ചെലവൂർ** : 190/1, 190/3, 191/1A, 191/2C, 191/3A2, 191/3B2, 191/3C2 , 191/4B, 191/4A, 191/4C, 216/2A, 216/1A1, 217/1A, 217/1C, 218/1A, 218/1B2, 218/1C2C, 218/1C2A, 219/4, 219/9, 219/10, 219/11, 229/1, 221/1A, 221/1C, 221, 221/2B, 222/1B , 222/B222/2 B, 223/1 | ചെലവൂര് | **4.2552** |
| **കാരന്തൂർ** : 71/2A2, 71/3A2, 78/2, 78/3C, 78/3D2, 78/4B, 96/4, 96/5, 96/6C1, 96/6A, 96/6C2, 96/7, 96/8, 97/1A, 97/1C, 97/2A1, 97/2C1, 97/2A3, 97/2B2, 97/3B, 98/5A, 98/6B, 99/1A, 99/2A, 106/1A, 106/1C, 106/2, 107/1, 112/3, 112/1, 113/3A, 114/1B, 115/1C1, 115/1D1A, 115/1D1C | കുന്ദമംഗലം | **1.2247** |
| **കോവൂർ** : 48/1A, 47/1, 47/3, 53/1 | നെല്ലിക്കോട് | **0.0522** |
| **ആകെ** | | **5.5321** |

## 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

നിലവിലുള്ള റോഡ് വീതി കൂട്ടി ശരിയായ ഡ്രെയിനേജ് സൗകര്യം ഒരുക്കി IRC അനുശാസിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് വികസിപ്പിക്കുക എന്നതാണ് പദ്ധതി എന്നതിനാൽ ഇതര മാർഗ്ഗങ്ങൾ പരിശോധിക്കപ്പെട്ടിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. നിലവിലെ രൂപരേഖ കൂടുതലും നിർമ്മിതികൾ കുറവ് ഉള്ള സ്ഥലത്തു കൂടെയാണ് കടന്ന് പോകുന്നത് എന്നതിനാൽ കുടുംബങ്ങൾക്ക് താരതമ്യേന കുറവ് പ്രത്യാഘാത

മാണ് ഉണ്ടാകുന്നത്. അതിനാൽ പദ്ധതിക്ക് ഏറ്റവും അനുയോജ്യമായ സ്ഥലമാണ് അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് പഠന സംഘം വിലയിരുത്തുന്നു.

### 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

പദ്ധതിയുടെ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനു വേണ്ടി പഠന സംഘം പദ്ധതി പ്രദേശം സന്ദർശിക്കുകയും ഭൂവുടമകളെ നേരിട്ടും, നേരിട്ട് കാണാൻ സാധിക്കാത്തവരെ ടെലിഫോൺ മുഖാന്തിരവും ബന്ധപ്പെട്ട് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു. ചെലവൂർ, കുന്ദമംഗലം വില്ലേജുകളിലെ പദ്ധതി ബാധിത സ്ഥല ഉടമകളായ 270 ഭൂവുടമകളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തി പഠനം നടത്തിയത്. ഏറ്റെടുക്കപ്പെടുന്ന പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ച് നിരീക്ഷിച്ചതിൻെറയും പദ്ധതി ബാധിത കുടുംബങ്ങളിൽ നടത്തിയ സർവ്വെയുടെയും വെളിച്ചത്തിൽ പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ പൊതുവിൽ ഉണ്ടാകുവാനിടയുണ്ടെന്ന് പഠന സംഘം മനസിലാക്കിയ സാമൂഹ്യ പ്രത്യാഘാതങ്ങൾ തുടർന്ന് വിലയിരുത്തുന്നു.

***പട്ടിക 1.5.1: പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ***

| *ക്രമ നമ്പർ* | *പ്രത്യാഘാതങ്ങൾ* | **ആഘാതബാധിതമാകുന്ന *കുടുംബങ്ങളുടെ എണ്ണം*** | *വിശദീകരണം* |
|---|---|---|---|
| **ഭൂമി പദ്ധതിബാധിതമാകൽ** | | | |
| 1 | കൈവശഭൂമി അളവ് കുറയൽ /നഷ്ടമാകൽ | 270 ഭൂവുടമകൾ | • 270 ൽ കൂടുതൽ ഭൂവുടമകളുടെ (ചെലവൂർ വില്ലേജ് -178, കുന്ദമംഗലം വില്ലേജ്-92) കൈവശ ഭൂമിയുടെ അളവ് കുറയുകയൊ, പൂർണ്ണമായി നഷ്ടപ്പെടുകയൊ ചെയ്യും. |
| **വീടും അനുബന്ധ സൗകര്യങ്ങൾ / നിർമ്മിതികൾ പദ്ധതി ബാധിതമാകൽ** | | | |
| 2 | വീട് | 16 ഭൂവുടമകൾ | ▪ ചെലവൂർ വില്ലേജിൽ 13 കുടുംബങ്ങൾ ക്കും കുന്ദമംഗലം വില്ലേജിൽ 3 കുടുംബങ്ങൾക്കുമാണ് വീട് ബാധിക്കപ്പെടുന്നത്.<br>▪ 2 ഭൂവുടമകളുടെ വീട് പൂർണ്ണമായും, 5 വീടുകൾ ഭാഗികമായും, 9 കുടുംബങ്ങൾക്ക് ചെറിയ തോതിലും ബാധിക്കും. |
| | അവശ്യ സൗകര്യങ്ങൾ | 23 ഭൂവുടമകൾ | ▪ കിണർ (11), കുളം (2), സെപ്റ്റിക് ടാങ്ക് (11), വാട്ടർ കണക്ഷൻ / |

| | | | |
|---|---|---|---|
| | | | കുടിവെള്ള പൈപ്പ് (13), കാർ പോർച്ച് (3), ഇലക്ട്രിക് പോസ്റ്റ് / ബോർഡ്, എന്നിവ നഷ്ടപ്പെടും |
| | മറ്റ് സൗകര്യങ്ങൾ | 198 ഭൂവുടമകൾ | ▪ ചുറ്റുമതിൽ (176), ഗേറ്റ് (129), ടൈൽ ഇട്ട മുറ്റം (4), പട്ടിക്കൂട് (2), വേസ്റ്റ് വാട്ടർ ടാങ്ക് (1), തൊഴുത്ത് / ഷെഡ് (2) |
| **വ്യാപാര വ്യവസായ സ്ഥാപനങ്ങൾ / മറ്റ് കെട്ടിടങ്ങൾ/ അനുബന്ധ സൗകര്യങ്ങൾ** | | | |
| 3 | വ്യാപാര വ്യവസായ സ്ഥാപനങ്ങശ് | 28 ഭൂവുടമകൾ | ▪ ഏകദേശം 14 ഭൂവുടമകളുടെ 40 ൽ അധികം വരുന്ന വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ/മറ്റ് കെട്ടിടങ്ങൾ പൂർണ്ണമായും, 13 ഉടമകളുടെ ഏകദേശം 37 മുറികൾ ഭാഗികമായും, ഒരു ഉടമയുടെ 3 കടമുറികൾ ചെറിയ തോതിലും ബാധിക്കപ്പെടും. |
| 4 | മറ്റ് സ്ഥാപനങ്ങൾ | | ▪ സ്കൂൾ, വില്ലേജ് ഓഫീസ്, റൂറൽ ഹൗസിങ്ങ് സൊസൈറ്റി ലിമിറ്റഡ്, പോലീസ് സ്റ്റേഷൻ, മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, ചെസ്റ്റ് ഹോസ്പിറ്റൽ, വായന ശാല, അക്ഷയ സെൻറർ എന്നിവയും ബാധിക്കപ്പെടുന്നു. |
| 5 | അനുബന്ധ സൗകര്യങ്ങൾ | | ▪ ചുറ്റുമതിൽ, ഗേറ്റ്, പാർക്കിങ്ങ് സൗകര്യം |
| **കൃഷി / മരങ്ങൾ / ഫല വൃക്ഷങ്ങൾ നഷ്ടമാകൽ** | | | |
| 6 | കൃഷി / മരങ്ങൾ / ഫല വൃക്ഷങ്ങൾ | 128 ഭൂവുടമകൾ | ▪ തെങ്ങ് (78), മാവ് (33), ജാതി (4), പ്ലാവ് (13), കുടമ്പുളി, സപ്പോട്ട, പേര (3), നെല്ലി, റമ്പുട്ടാൻ തുടങ്ങിയ ഫല വൃക്ഷങ്ങളൊ, വാഴ (6), കുരുമുളക് (5), തുടങ്ങിയ കൃഷി യൊ, തേക്ക് (30), ആഞ്ഞിലി (15), റബ്ബർ (6), മഹാഗണി (2), ആര്യവേപ്പ് (1), പൊങ്ങാല്യം (7) തുടങ്ങിയ മരങ്ങളൊ നഷ്ടപ്പെടും |
| **ഉപജീവനമാർഗം / വരുമാനം നഷ്ടമാകൽ** | | | |
| 7 | ഉപജീവനമാർഗം | 28 ഭൂവുടമകൾ | • 63 ഭൂവുടമകൾക്ക് കച്ചവട സ്ഥാപനം ബാധിക്കുന്നത് മുലം ഉപജീവന മാർഗ്ഗം നഷ്ടപ്പെടാൻ സാധ്യത. |

| | | | |
|---|---|---|---|
| | | | • 70 ൽ അധികം വാടകക്കാർക്കും അവരുടെ തൊഴിലാളികൾക്കും ഉപജീവന മാർഗ്ഗം നഷ്ടപ്പെടാൻ സാധ്യത.<br>• 100 ഓളം വഴി വാണിഭക്കാർക്ക് ഉപജീവന മാർഗ്ഗം നഷ്ടപ്പെടും |
| 8 | വരുമാനം നഷ്ടമാകൽ | 58 ഭൂവുടമകൾ | • കച്ചവട സ്ഥാപനം ബാധിക്കുന്നത് മൂലം ഭൂവുടമകൾക്കും വാടകക്കാർക്കും വരുമാനം നഷ്ടപ്പെടാൻ സാധ്യത.<br>• പദ്ധതി ബാധിതമാകുന്ന തെങ്ങ്, മാവ് മറ്റ് ഫല വൃക്ഷങ്ങൾ / കൃഷി യിൽ നിന്നുള്ള വരുമാന നഷ്ടം |
| **പ്രവേശനമാർഗം തടസ്സപ്പെടൽ** | | | |
| 9 | പദ്ധതി നിർമ്മാണ ഘട്ടത്തിൽ പ്രവേശനമാർഗം തടസ്സപ്പെടൽ | | • പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഭൂവുടമകൾക്ക് തങ്ങളുടെ വസ്തുവകകളിലേക്ക് പ്രവേശനം തടസ്സപ്പെട്ടേക്കാം എന്ന ആശങ്ക |
| **അവശേഷിക്കുന്ന സ്ഥലത്തിൻെറ ഉപയുക്തത** | | | |
| | പദ്ധതിബാധിത മാകുന്ന അവശ്യ സൗകര്യങ്ങൾ പുന:സ്ഥാപിക്കുന്നതിന് അവശേഷിക്കുന്ന സ്ഥലത്തിൻെറ പര്യാപ്തത | | • പദ്ധതിബാധിതമാകുന്ന കിണർ പുനസ്ഥാപിക്കുന്നതിന് ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്ന സ്ഥലം പര്യാപ്തമല്ല. |
| | അവശേഷിക്കുന്ന സ്ഥലത്തിൻെറ ഉപയുക്തത | | • ഏറ്റെടുക്കലിന് ശേഷം അവശേഷിക്കുന്ന സ്ഥലം ഉപയോഗ ശൂന്യം |
| **മറ്റ് പ്രത്യാഘാതങ്ങൾ** | | | |
| 10 | ആരോഗ്യ പ്രശ്നങ്ങൾ/ അപകട സാധ്യതകൾ | | നിർമ്മാണഘട്ടത്തിൽ പൊടിശല്ല്യം ശബ്ദമലിനീകരണം എന്നിവയ്ക്കുള്ള സാധ്യതകൾ |
| 11 | പരിസര മലിനീകരണം | | നിർമ്മാണമാലിന്യങ്ങൾ മൂലം |

### 1.6. ലഘൂകരണ നടപടികൾ

അരയിടത്ത്പാലം–കാരന്തൂർ റോഡ് വികസന പദ്ധതിയുടെ ഭാഗമായി, മെഡിക്കൽ കോളേജ് ജംഗ്ഷൻ മുതൽ കാരന്തൂർ ജംഗ്ഷൻ വരെയുള്ള റോഡ് വികസിപ്പിക്കുന്നതിന് വേണ്ടി കോഴിക്കോട് താലൂക്കിലെ ചെലവൂർ, കുന്ദമംഗലം, നെല്ലിക്കോട് വില്ലേജുകളിൽ നിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ കേരള സർക്കാർ റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD & 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD) പ്രകാരവും നടപടികൾ കൈക്കൊള്ളേണ്ടതാണ്. പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയ പ്രത്യാഘാതങ്ങളും, പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും, പ്രത്യാഘാത ലഘൂകരണത്തിനായുള്ള നിർദ്ദേശങ്ങളും പട്ടിക 1.6.1. ൽ നൽകിയിരിക്കുന്നു.

***പട്ടിക 1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും***

| ക്രമ നമ്പർ | സാമൂഹ്യ പ്രത്യാഘാതം | ലഘൂകരണ നടപടി |
|---|---|---|
| 1 | കൈവശഭൂമി നഷടമാകൽ/ അളവ് കുറയൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 2 | വീട് പദ്ധതി ബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 3 | അവശ്യ സൗകര്യങ്ങൾ/ മറ്റ് നിർമ്മിതികൾ പദ്ധതി ബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 4 | വ്യാപാര വ്യവസായ സ്ഥാപനങ്ങൾ/മറ്റ് നിർമ്മിതികൾ പദ്ധതി ബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 5 | കൃഷി നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 6 | ഉപജീവനമാർഗം തടസ്സപ്പെടൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |

| | | |
|---|---|---|
| 7 | വരുമാനം നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 8 | നിർമ്മാണ ഘട്ടത്തിൽ പ്രവേശനമാർഗം തടസ്സപ്പെടൽ | പദ്ധതി നിർമ്മാണ ഘട്ടത്തിൽ സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം |
| 9 | ഉപയോഗയോഗ്യമല്ലാത്ത അവശേഷിക്കുന്ന സ്ഥലം | നിജസ്ഥിതി പരിശോധിച്ച് ഏറ്റെടുക്കലിന് പരിഗണിക്കുക |
| 10 | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള ആരോഗ്യപ്രശനങ്ങൾ/അപകട സാധ്യതകൾ | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടിശല്ല്യവും യന്ത്ര സാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം. നിർമ്മാണ ഘട്ടത്തിൽ തൊഴിലാളികളുടെയും പ്രദേശവാസികളുടെയും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് മതിയായ മുൻ കരുതലുകൾ സ്വീകരിക്കണം |
| 11 | നിർമ്മാണ മാലിന്യങ്ങൾ യഥാസമയം നിർമ്മാർജനം ചെയ്യാതിരിക്കുന്നത് മൂലം ഉണ്ടാകുവാനിടയുള്ള പരിസരമലിനീകരണം | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം |
| 12 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടി മാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷ തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. |

# അദ്ധ്യായം 2
# പദ്ധതിയുടെ വിശദവിവരങ്ങൾ

## 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

നിർദ്ദിഷ്ട പദ്ധതിയുടെ അർത്ഥനാധികാരിയായിട്ടുള്ളത് എക്സിക്യൂട്ടിവ് എഞ്ചിനീയർ, കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി), പി.എം.യു കോഴിക്കോട്/ വയനാട് ആണ്. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുശാസിക്കുന്ന പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ (എൽ.എ), ജനറൽ, കോഴിക്കോട് ആയിരിക്കും. പദ്ധതിയുടെ ഡിറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് പൊതുമരാമത്ത് വകുപ്പാണ്. 2017–2018 കാലഘട്ടത്തിലെ 2017 മാർച്ച് 3 തീയതിയിലെ ബഡ്ജറ്റ് സ്പീച്ചിൽ പാരഗ്രാഫ് 156 ൽ ക്രമ നമ്പർ 28 ആയാണ് പദ്ധതി ഉൾപ്പെട്ടിട്ടുള്ളത്. 1-11-2016 തീയതിയിലെ GO(Rt) No.1502/2016/PWD നമ്പർ ഉത്തരവ് പ്രകാരം സ്ട്രെച്ച് 1 ഉം 2 ഉം ഉൾപ്പടെ നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭരണാനുമതി ലഭിക്കുകയുണ്ടായി.

## 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

റോഡുകൾ, പാലങ്ങൾ എന്നിവ നിർമ്മിച്ച് യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നത് രാജ്യത്തിൻെറ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ഉൾപ്പെടുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2 ൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആവശ്യങ്ങളിൽ റോഡ് ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യ ങ്ങളുടെ വികസനവും ഉൾപ്പെടുന്നു.

## 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

അരയിടത്ത് പാലം – കാരന്തൂർ റോഡ് വികസന പദ്ധതിയുടെ ഭാഗമായി മെഡിക്കൽ കോളേജ് ജംഗ്ഷൻ മുതൽ കാരന്തൂർ ജംഗ്ഷൻ വരെ 5.2 കിലോമീറ്റർ ദൂരത്തിലുള്ള

സ്ട്രെച്ച് 2 ന്റെ വികസന പ്രവർത്തനമാണ് നിലവിലെ പദ്ധതി. പദ്ധതിക്ക് വേണ്ടി കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ, കുന്ദമംഗലം ഗ്രാമ പഞ്ചായത്ത് എന്നിവിട ങ്ങളിൽ നിന്നുള്ള സ്ഥലങ്ങളാണ് ഏറ്റെടുക്കുന്നത്. ഏറ്റെടുക്കുന്ന ഭൂമിയിൽ നല്ലൊരു ഭാഗം കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ളതാണ്. മുനിസിപ്പൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലവും, കുടുംബങ്ങൾ താമസത്തിനും, കൃഷി ക്കും, വ്യാപാര വ്യവസായ ആവശ്യങ്ങൾക്കും ഉപയോഗിക്കുന്ന സ്ഥലവും പദ്ധതി ബാധിത സ്ഥലങ്ങളിൽ ഉൾപ്പെടുന്നു. ബാധിത സ്ഥലങ്ങളിൽ ഉൾപ്പെടുന്നു. ബാധിക്ക പ്പെടുന്ന സ്ഥലങ്ങൾ പ്രാധാനമായും കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ 17, 18, 19, 20 വാർഡുകളിൽ നിന്നുള്ള സ്ഥലങ്ങളും കുന്ദമംഗലം ഗ്രാമ പഞ്ചായത്തിലെ 18, 19 വാർഡുകളിൽ നിന്നുള്ള സ്ഥലങ്ങളുമാണ്.

കോഴിക്കോട് ജില്ലയിലെ പ്രധാന ജില്ലാ റോഡായ മെഡിക്കൽ കോളേജ് – കാരന്തൂർ റോഡ് 24 മീറ്റർ വീതിയിൽ സ്ഥലമെടുത്ത് വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. നിലവിൽ രണ്ടുവരിപാതയായ ടി റോഡിന്റെ കാരേജ് വേ 7–8 മീറ്ററാണ്. ഇത് നാല്വരി പാതക്ക് അനുയോജ്യമായ രീതിയിൽ 14 മീറ്ററായി (7m x 2) വികസിപ്പിക്കും. കൂടാതെ, ഇരുവശങ്ങളിലും ഇൻറർലോക്ക് കട്ടകൾ പാകിയ ഷോൾഡറും, ഡ്രെയിനേജും, അതിന് മുകളിലായി നടപ്പാതയും ഉണ്ടായിരിക്കും.

മെഡിക്കൽ കോളേജ് – കാരന്തൂർ റോഡ് വീതി കൂട്ടി ശരിയായ ഡ്രെയിനേജ് സൗക ര്യങ്ങൾ ഒരുക്കി, നിലവിലുള്ള പോരായ്മകൾ പരിഹരിച്ച്, അപകട സാധ്യതകളും, ഗതാഗത തടസ്സങ്ങളും ഒഴിവാക്കി, യാത്രക്കാരുടെ യാത്രാ സമയം, ഇന്ധന ചിലവ് എന്നിവ കുറക്കുകയും സുരക്ഷാ സാധ്യതകൾ മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. വയനാട് ജില്ലയിൽ നിന്നും മറ്റും കാരന്തൂർ – മെഡിക്കൽ കോളേജ് റോഡ് വഴി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് വരുന്ന രോഗികൾക്കും മറ്റും ഈ പദ്ധതി വലിയൊരു ആശ്വാസമാവുകയും പ്രദേശത്തിന്റെ സമഗ്ര വികസനത്തിനു തന്നെ കാരണമാകുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

നിലവിലെ പദ്ധതിക്ക്, അതായത് അരയിടത്ത്പാലം–കാരന്തൂർ റോഡിന്റെ, സ്ട്രെച്ച് 2 ന്റെ വികസന പ്രവർത്തനത്തിന്റെ ചിലവായി 41.22 കോടി രൂപയാണ് കണക്കാക്കി യിരിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ ചിലവുകൾ ഉൾപ്പെടാതെയാണ് ഈ തുക പ്രതീക്ഷി ക്കുന്നത്.

## 2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

നിലവിലുള്ള റോഡ് വീതി കൂട്ടി ശരിയായ ഡ്രെയിനേജ് സൗകര്യങ്ങൾ ഒരുക്കി IRC അനുശാസിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് വികസിപ്പിക്കുക എന്നതാണ് പദ്ധതി എന്നതിനാലും, നിലവിലെ രൂപരേഖ കൂടുതലും നിർമ്മിതികൾ ഇല്ലാത്ത സ്ഥലത്തു കൂടെയാണ് കടന്ന് പോകുന്നത് എന്നതിനാലും, കുടുംബങ്ങൾക്ക് വളരെ കുറവ് പ്രത്യാഘാതമാണ് ഉണ്ടാകുക എന്നതിനാലും, പദ്ധതിക്ക് ഏറ്റവും അനുയോജ്യമായ സ്ഥലമാണ് അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് പഠന സംഘം വിലയിരുത്തുന്നു.

## 2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

അരയിടത്ത്പാലം – കാരന്തൂർ റോഡ് വികസന പദ്ധതി രണ്ട് ഘട്ടമായി പൂർത്തീക രിക്കാനാണ് ഉദ്ദേശിക്കുന്നത്. മെഡിക്കൽ കോളേജ് മുതൽ കാരന്തൂർ ജംഗ്ഷൻ വരെയുള്ള സ്ട്രെച്ച് 2 ൻെറ നിർമ്മാണ പ്രവർത്തനമാണ് ആദ്യ ഘട്ടത്തിൽ പൂർത്തീക രിക്കുന്നത്. രണ്ടാം ഘട്ടത്തിൽ അരയിടത്ത് പാലം മുതൽ മെഡിക്കൽ കോളേജ് ജംഗ്ഷൻ വരെയുള്ള സ്ട്രെച്ച് 1 ൻെറ നിർമ്മാണ പ്രവർത്തനം ആരംഭിക്കും.

## 2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് & ഹൈവേയ്സ് (MoRTH), ഇന്ത്യൻ റോഡ്സ് കോൺഗ്രസ് (IRC), ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (BIS), എന്നിവ അനുശാ സിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളുടെ ഏറ്റവും പുതിയ റിവിഷനുകൾക്കും ഭേദഗതികൾക്കും അനുസൃതമായിട്ടാണ് പദ്ധതിയുടെ രൂപ രേഖ തയ്യാറാക്കൽ നടത്തിയിരിക്കുന്നത്. വിശദ മായ ഫീൽഡ് സ്റ്റഡിക്കും പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിലുള്ള ആളുകളു മായി നടത്തിയ ചർച്ചകൾക്കും ശേഷമാണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിരി ക്കുന്നത്. പ്രദേശത്തിൻെറ ഭൂപ്രകൃതി, ഭൂമിയുടെ ഉപയോഗം, മണ്ണ്, ഡ്രെയിനേജ് സംവിധാ നങ്ങൾ, മറ്റ് സാധ്യമായ വഴികൾ എന്നിവയും പദ്ധതി രൂപരേഖ തയ്യാറാക്കിയപ്പോൾ പരിശോധിച്ചിരുന്നു.

നിർദ്ദിഷ്ട റോഡിന് വേണ്ടി സ്ഥലമെടുത്ത് 24 മീറ്റർ വീതിയിൽ വികസിപ്പിക്കുന്ന തിനാണ് ഉദ്ദേശിക്കുന്നത്. നാല്വരി പാതക്ക് അനുയോജ്യമായ രീതിയിൽ കാരേജ്വേ 14 മീറ്ററായി (7m x 2) വികസിപ്പിക്കുകയും, 2.5 മീറ്റർ വീതിയിൽ ഇൻറർലോക്ക് കട്ടകൾ പാകിയ ഷോൾഡറും റോഡിൻെറ ഇരുവശങ്ങളിൽ ഉണ്ടായിരിക്കുകയും ചെയ്യും. കൂടാതെ, 1.5 മീറ്റർ വീതിയിൽ ഡ്രെയിനേജും, അതിന് മുകളിലായി 1.5 മീറ്റർ വീതിയിൽ

നടപ്പാതയും റോഡിൻെറ ഇരുവശങ്ങളിലും നിർമ്മിക്കും. അതോടൊപ്പം, ഒരു മീറ്റർ വീതിയിൽ മീഡിയനും, ഒരു മീറ്റർ വരുന്ന യൂട്ടിലിറ്റി കോറിഡോറും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. നിലവിലുള്ള 7 കൽവർട്ടുകളുടെ പുനർനിർമ്മാണം, ഏകദേശം 10 ബസ്ബേ/ ബസ് ഷെൽട്ടറുകൾ എന്നിവയും ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

### 2.7 അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

പദ്ധതി നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശത്ത് ട്രാൻസ്ഫോർമർ, വൈദ്യുതി തൂണുകൾ, തെരുവ് വിളക്കുകൾ, ടെലിഫോൺ തൂണുകൾ, എന്നിവ മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. കൂടാതെ നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെയും വാഹനങ്ങളുടെയും ഗതാഗതം തടസപ്പെടാതിരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം. പദ്ധതി നിലവിൽ വരുമ്പോൾ പദ്ധതി പ്രദേശത്തുള്ള വീടുകളിലേക്കും വസ്തുവിലേക്കും നിലവിലുള്ള സൗകര്യത്തിൽ കുറവ് വരാത്ത വിധത്തിൽ മതിയായ പ്രവേശനമാർഗം നൽകണം. റോഡ് ഉയരത്തിൽ വരുന്ന സ്ഥലങ്ങളിൽ ഭൂവുടമകളുടെ ബാക്കി വരുന്ന സ്ഥലങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാകാതിരിക്കുന്നതിന് ശാസ്ത്രീയമായ മുൻകരുതലുകൾ പദ്ധതി നിർമ്മാണത്തിൽ ഉൾപ്പെടുത്തണം.

### 2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

പദ്ധതി നിർമ്മാണത്തിന് മത്സരാധിഷ്ടിത അപേക്ഷകളിൽ നിന്ന് കരാറുകാരനെ നിയമിക്കുകയും കരാറുകാരൻ നിർമ്മാണ പ്രവർത്തികൾ ആരഭിക്കുകയും ചെയ്തിട്ടുണ്ട്. കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനുസരിച്ച് കരാറുകാരൻ ജോലികൾ നിർവ്വഹിക്കണം. പദ്ധതിയുടെ സമയക്രമീകരണം കരാറുകാരൻ തയ്യാറാക്കുന്ന വർക്ക് ഷെഡ്യൂൾ എന്നിവ പ്രൊജക്ട് മാനേജ്മെൻറ് വിലയിരുത്തുകയും പദ്ധതിയുടെ സമയാധിഷ്ഠിത പൂർത്തീകരണം സ്ഥിരമായ വിലയിരുത്തലിലൂടെ ഉറപ്പുവരുത്തുകയും ചെയ്യും. ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

### 2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാതവിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി, ടോട്ടൽ സ്റ്റേഷൻ സർവ്വെ, ട്രാഫിക് സർവെ, മണ്ണ് പരിശോധന ഉൾപ്പെടെയുള്ള ഇൻവെസ്റ്റിഗേഷൻ വർക്ക്സ്/എഞ്ചിനീയറിങ്ങ് സർവ്വെകൾ നടത്തിയിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. പദ്ധതിക്ക് വേണ്ടി രാജഗിരി

ഔട്ട്റീച്ച് നടത്തികൊണ്ടിരിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖയാണ് ഇത്.

**2.10. ബാധകമായ നിയമങ്ങളും നയങ്ങളും**

കോഴിക്കോട് ജില്ലയിൽ അരയിടത്ത്പാലം കാരന്തൂർ റോഡിൻെറ, സ്ട്രെച്ച് 2 ൻെറ അതായത് മെഡിക്കൽ കോളേജ് ജംഗ്ഷൻ മുതൽ കാരന്തൂർ ജംഗ്ഷൻ വരെയുള്ള റോഡ് വീതി കൂട്ടി വികസിപ്പിക്കുന്നതാണ് നിർദ്ദിഷ്ട പദ്ധതി. ടി പദ്ധതിക്കായി ചെലവൂർ, കുന്ദമംഗലം, നെല്ലിക്കോട് വില്ലേജുകളിലെ വിവിധ സർവ്വെ നമ്പറുകളിൽ നിന്നും ഏകദേശം 5.5321 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങളും നയങ്ങളും ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
- കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിൻെറ നയം.
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(MS)No . 448/ 2017/RD പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിൻെറ നയം
- വിവരവകാശ നിയമം 2005

# അദ്ധ്യായം 3
# പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

കോഴിക്കോട് ജില്ലയിൽ അരയിടത്ത്പാലം-കാരന്തൂർ റോഡ് വികസന പദ്ധതിയുടെ ഭാഗമായി മെഡിക്കൽ കോളേജ് ജംഗ്ഷൻ മുതൽ കാരന്തൂർ ജംഗ്ഷൻ വരെ 5.2 കിലോമീറ്റർ ദൂരത്തിലുള്ള സ്ട്രെച്ച് 2 ൻെറ വികസനത്തിന് വേണ്ടി കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിലെ ചെലവൂർ, കുന്ദമംഗലം, നെല്ലിക്കോട് വില്ലേജു കളിൽ നിന്നും 5.5321 ഹെക്ടർ സ്ഥലം, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരി ഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി ഔട്ട്റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിനെ ചുമതലപ്പെടുത്തിക്കൊണ്ട് 2025 ആഗസ്റ്റ് 21 തീയതിയിലെ നമ്പർ 3027, വാല്യം 14 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള റവന്യു (ബി) വകുപ്പിൻെറ വിജ്ഞാപനം നമ്പർ സ.ഉ.(അച്ചടി)നം.309/2025/റവ പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ പഠനസംഘം വിവിധ ഘട്ടങ്ങളിലൂടെ പദ്ധതി യുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

### 3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിൻെറ അദ്ധ്യക്ഷയായ രാജഗിരി ഔട്ട്റീച്ചിൻെറ ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ-സാമ്പത്തിക സർവ്വേ കളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും നടത്തിയ അനുഭവ സമ്പത്തു ള്ള 11 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനു വേണ്ടിയുള്ള വിവരങ്ങളുടെ ശേഖരണവും വിശകലനവും ഏകോപനവും നടത്തി കരട് രേഖ തയ്യാറാക്കിയത്. പഠന സംഘത്തിൻെറ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1.1. പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1 | ഡോ. ഫാ.സാജു എം. ഡി | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി.. കൺസൾട്ടൻറ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 2 | ഡോ:ബിനോയ് ജോസഫ് | എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 3 | ഡോ. ഫാ. ഷിൻേറാ ജോസഫ് | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി. കൺസൾട്ടൻറ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 6 വർഷത്തെ പ്രവർത്തന പരിചയം |
| 4 | മീന കുരുവിള | എം.എസ്.ഡബ്ല്യൂ, ചെയർപേഴ്സൺ | വികസനമേഖലയിൽ 37 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെൻറ് ഓഫീസർ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 6 | വിനയൻ വി എസ്സ് | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 20 വർഷത്തെ പ്രവർത്തന പരിചയം |
| 7 | മരിയ ടെൻസി വി.എസ് | എം.എ., ഡി.എസ്.എസ്., റിസേർച്ച് അസോസിയേറ്റ് | വികസനമേഖലയിൽ 34 വർഷത്തെ പ്രവർത്തന പരിചയം |
| 8 | ജോർജ് വി.എ | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 36 വർഷത്തെ പ്രവർത്തന പരിചയം |
| 9 | അഭിജിത്ലാൽ.എൻ.എസ് | എം.എസ്.ഡബ്ല്യു റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 7 വർഷത്തെ പ്രവർത്തന പരിചയം |
| 10 | വർഗ്ഗീസ് കെ.ഒ | ഇൻവെസ്റ്റിഗേറ്റർ | വികസനമേഖലയിൽ 35 വർഷത്തെ പ്രവർത്തന പരിചയം |
| 11 | ഫിലോമിന കെ.എ. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 32 വർഷത്തെ പ്രവർത്തന പരിചയം |

### 3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും

പദ്ധതി ബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക, കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതിബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ സെപ്റ്റംബർ 12 തീയതിയിൽ പദ്ധതി പ്രദേശം സന്ദർശിക്കുകയും, പഠനത്തിന് വേണ്ടി തയ്യാറാക്കിയ ചോദ്യാവലി പരിശോധിച്ച് സ്ഥിരീകരിക്കുകയും ചെയ്തു. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു. തുടർന്ന് സെപ്റ്റംബർ 19, 20 തീയതികളിൽ പദ്ധതി ബാധിതരാകുന്ന ഭൂവുടമകളുടെ ഭവന സന്ദർശനം നടത്തിയും നേരിട്ട് കാണാൻ സാധി

ക്കാത്തവരെ ടെലിഫോണിൽ ബന്ധപ്പെട്ടും ടി ചോദ്യാവലി ഉപയോഗിച്ച് അഭിമുഖം നടത്തി വിവരങ്ങൾ ശേഖരിച്ചു.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ അർത്ഥനാധികാരിയായ കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി), പി.എം.യു, കോഴിക്കോട്/വയനാട് കാര്യാലയത്തിൽ നിന്നും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങൾ സ്പെഷ്യൽ തഹസിൽദാർ, (എൽ.എ), ജനറൽ, കോഴിക്കോട് കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചും പഠനസംഘം മനസ്സിലാക്കി.

സാമൂഹ്യ സാമ്പത്തിക സർവ്വെയിലൂടെയും അഭിമുഖത്തിലൂടെയും ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് ക്രോഡീകരിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ തയ്യാറാക്കുകയും ചെയ്തു.

### 3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്. ആയതിനാൽ പഠന സംഘം പദ്ധതി പ്രദേശം മുഴുവനായും സന്ദർശിക്കുകയും പദ്ധതി ബാധിതരാകുന്ന 270 ഭൂവുടമകളിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു.

### 3.4 പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രാഥമികവും ദ്വിതീയവുമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. സാമൂഹ്യ പ്രത്യാഘാത

വിലയിരുത്തൽ പഠന സംഘാംഗങ്ങൾ പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും, ഭൂവുടമയെ നേരിൽ കണ്ട് പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് നടത്തിയ അഭിമുഖത്തിലൂടെയുമാണ് പഠനത്തിന് ആവശ്യമായ പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശ മായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമൂഹിക –സാമ്പത്തിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബത്തി നുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങളുമാണ് പഠനത്തിന് ആവശ്യമായ ദ്വിതീയ വിവരങ്ങൾ. അർത്ഥനാ ധികാരിയായ കെ.ആർ.എഫ്.ബി, പി.എം.യു കോഴിക്കോട്/വയനാട് കാര്യാലയത്തിൽ നിന്നും സ്പെഷ്യൽ തഹസിൽദാർ (എൽ.എ), ജനറൽ, കോഴിക്കോട് കാര്യാലയത്തിൽ നിന്നുമാണ് ദ്വിതീയ വിവരങ്ങൾ ലഭിച്ചത്. കൂടാതെ, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള അവകാശ നിയമവും അതിൻെറ വെളിച്ചത്തിൽ സംസ്ഥാന ഗവൺമെൻറ് കാലാകാ ലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങളും നയങ്ങളും പരിശോധിച്ചു.

### 3.5. തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ നടപടികളുടെ ചുരുക്കം താഴെ നൽകി യിരിക്കുന്നു :

- ❖ അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ലഭിച്ച വിവരങ്ങളുടെ പഠനം.
- ❖ പദ്ധതി പ്രദേശത്ത് സന്ദർശനം.
- ❖ പദ്ധതിബാധിത കുടുംബങ്ങളിൽ സർവ്വേ.
- ❖ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ തയ്യാറാക്കലും പ്രസിദ്ധപ്പെടുത്തലും.

# അദ്ധ്യായം 4

# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

## 4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

കോഴിക്കോട് ജില്ലയിൽ ടൗണിൽ നിന്നും ഏകദേശം 8 കിലോമീറ്റർ കിഴക്കായി സ്ഥിതി ചെയ്യുന്ന കോഴിക്കോട് മെഡിക്കൽ കോളേജ് ജംഗ്ഷനിൽ നിന്നാരംഭിച്ച് കാരന്തൂർ ജംഗ്ഷൻ വരെ ഏകദേശം 5.2 കിലോമീറ്റർ ദൂരത്തിലുള്ള മെഡിക്കൽ കോളേജ് – കാരന്തൂർ റോഡിൻെറ വികസന പ്രവർത്തനമാണ് നിലവിലെ പദ്ധതി. ടി റോഡ്, കാരന്തൂർ ജംഗ്ഷനിൽ വയനാട് റോഡ് അഥവാ ദേശിയ പാത 766 ൽ ചേരുന്നു. ആമ്പുലൻസ് ഉൾപ്പടെ നൂറുകണക്കിന് വാഹനങ്ങളും രോഗികൾ ഉൾപ്പടെ ആയിരകണക്കിന് യാത്രക്കാരും ദിവസവും ആശ്രയിക്കുന്ന ഒരു പ്രധാന ജില്ല റോഡാണ് മെഡിക്കൽ കോളേജ്– കാരന്തൂർ റോഡ്. കോഴിക്കോട് മുനിസിപ്പാലിറ്റി, കുന്ദമംഗലം ഗ്രാമ പഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെട്ട സ്ഥലങ്ങളാണ് പദ്ധതിക്കായി ഏറ്റെടുക്കുന്നത്. ഏറ്റെടുക്കുന്ന സ്ഥലങ്ങളിൽ നല്ലൊരു ഭാഗം മെഡിക്കൽ കോളേജ് കാമ്പസിൻെറ പരിധിയിൽ ഉൾപ്പെടുന്ന ഭൂമിയാണ്. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻെറ അധീനതയിലുള്ള സ്ഥലവും പദ്ധതിക്കയി ഏറ്റെടുക്കുന്നു. പദ്ധതി പ്രദേശം പ്രധാനമായും കുടുംബങ്ങൾ താമസത്തിനായി ഉപയോഗിക്കുന്നു. വയലുകളും, ഫല വൃക്ഷങ്ങളും മരങ്ങളൂം പദ്ധതി ബാധിതമാവുന്നുണ്ട്. പദ്ധതി പ്രദേശത്ത് പ്രവർത്തിക്കുന്ന സ്കൂൾ, പോലീസ് സ്റ്റേഷൻ, പള്ളികൾ, വായന ശാല, ഗവൺമെൻറ് ആശ ഭവൻ, വില്ലേജ് ഓഫീസ്, തുടങ്ങിയ പൊതു സ്ഥാപനങ്ങളും ബാധിക്കപ്പെടുന്നുണ്ട്. പദ്ധതി പ്രദേശത്ത് അടിസ്ഥാന സൗകര്യങ്ങളെല്ലാം പ്രാപ്യമാണ്

## 4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

പദ്ധതിക്ക് വേണ്ടി കോഴിക്കോട് താലൂക്കിൽ ചെലവൂർ, കുന്ദമംഗലം, നെല്ലിക്കോട് വില്ലേജുകളിൽ നിന്നും സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്കും ടി ഭൂമിയെ ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങൾക്കും വിവിധങ്ങളായ വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ടെന്ന് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസിലാക്കുന്നു.

പദ്ധതി മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ അദ്ധ്യായം 1 ൽ 1.5 ൽ വിശദമായി നൽകിയിട്ടുണ്ട്.

### 4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

പദ്ധതിയുടെ വിശദമായ പദ്ധതി രേഖയിൽ ഏകദേശം 5.2 കിലോമീറ്റർ നീളത്തിൽ 24 മീറ്റർ വീതിയിലാണ് റോഡ് വീതി കൂട്ടി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തിയിരിക്കുന്നു. ഇതിന് വേണ്ടി ഏകദേശം 5.5321 ഹെക്ടർ സ്ഥലമാണ് ആവശ്യമായി വരുന്നതെന്ന് അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനാപത്രത്തിൽ പറയുന്നു. പദ്ധതിക്ക് ആവശ്യമായ സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതിന് അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ചതിന്റെയും അർത്ഥനാധികാരിയിൽ നിന്ന് ലഭ്യമായ വിവരത്തിന്റേയും അടിസ്ഥാനത്തിൽ പഠന സംഘം വിലയിരുത്തുന്നു.

### 4.4. പദ്ധതി ബാധിത പ്രദേശത്തിന്റെ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം

പദ്ധതി ബാധിതമാകുന്ന സ്കൂൾ, പോലീസ് സ്റ്റേഷൻ, ഗവൺമെന്റ് ആശാഭവൻ, വായനശാല, റൂറൽ ഹൗസിങ്ങ് സൊസൈറ്റി, മുസ്ലീം ആരാധനാലയങ്ങൾ, മെഡിക്കൽ കോളേജ് ആശുപത്രി, ചെസ്റ്റ് ഹോസ്പിറ്റൽ തുടങ്ങിയവ നിലവിൽ പൊതുജനങ്ങൾ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന സ്ഥലങ്ങളാണ്.

### 4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിന്റെയും പദ്ധതിപ്രകാരമുള്ള ഉപയോഗം

പദ്ധതിക്ക് വേണ്ടി നേരത്തെ ഭൂമി വാങ്ങുകയൊ, ഏറ്റെടുക്കുകയൊ ചെയ്തതായി വിവരം ലഭ്യമായിട്ടില്ല.

### 4.6. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഗുണവും പ്രദേശവും

2025 ആഗസ്റ്റ് 21 തീയതിയിലെ റവന്യു (ബി) വകുപ്പിന്റെ വിജ്ഞാപനം നമ്പർ സ.ഉ.(അച്ചടി)നം.309/2025/റവ പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി അതായത് അരയിടത്ത്പാലം-കാരന്തൂർ റോഡ് വികസന പദ്ധതിയുടെ ഭാഗമായി മെഡിക്കൽ കോളേജ് ജംഗ്ഷൻ മുതൽ കാരന്തൂർ ജംഗ്ഷൻ വരെ 5.2 കിലോമീറ്റർ ദൂരത്തിലുള്ള

സ്ട്രെച്ച് 2 ൻെറ വികസനത്തിന് വേണ്ടി കോഴിക്കോട് താലൂക്കിൽ ചെലവൂർ, കുന്ദമംഗലം, നെല്ലിക്കോട് വില്ലേജുകളിൽ നിന്നും ഏകദേശം 5.5321 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്.

വിജ്ഞാപനം ചെയ്യപ്പെട്ട സർവ്വെ നമ്പറുകളുടെ 270 ഉടമകളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തി സർവ്വെ ചെയ്തത്. ബന്ധപ്പെട്ട വിവരം നൽകിയവരിൽ 85 ശതമാനം ഭൂവുടമകളുടേയും സ്ഥലം പുരയിടം വിഭാഗത്തിലും, 11 ശതമാനം തോട്ടം വിഭാഗത്തിലും, 3 ശതമാനം നിലം വിഭാഗത്തിലും, ഒരു ശതമാനം സ്ഥിര പുഞ്ച വിഭാഗത്തിലും ഉൾപ്പെടുന്നു.

പദ്ധതിബാധിതമാകുന്ന സ്ഥലങ്ങളുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ ഭൂരിഭാഗം ഭൂവുടമകളും (50 ശതമാനം) സ്ഥലങ്ങൾ കുടുംബത്തിൻെറ താമസത്തിനായി ഉപയോഗിച്ച് വരുന്നു. കൂടാതെ, 32 ശതമാനം വ്യാപാര വ്യവസായ സ്ഥാപനങ്ങൾ നടത്തുന്നതിനും, 4 ശതമാനം കൃഷിക്കും, 3 ശതമാനം താമസവും വ്യാപാര വ്യവസായ സ്ഥാപനവും ഒരുമിച്ച് നടത്തുന്നതിനും ഉപയോഗിച്ച് വരുന്നു. ബാക്കി 11 ശതമാനം ഉടമകളുടെ ഭൂമി വഴിയായും, തരിശായി കിടക്കുന്ന ഭൂമിയായും, സ്കൂൾ, പള്ളി, വില്ലേജ് ഓഫീസ്, വായനശാല, ആശഭവൻ, സ്കൂൾ, തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്നതിനായും ഉപയോഗിച്ച് വരുന്നു. കൂടാതെ, മെഡിക്കൽ കോളേജ്, ചെസ്റ്റ് ഹോസ്പിറ്റൽ, പോലീസ് സ്റ്റേഷൻ എന്നിവയും പദ്ധതി ബാധിത ഭൂമിയിൽ ഉൾപ്പെടുന്നു.

ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ 128 ഉടമകളുടെ സ്ഥലങ്ങളിലാണ് നിലവിൽ ഫല വൃക്ഷങ്ങൾ / കൃഷിയുള്ളത്. തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ്, ജാതി തുടങ്ങിയ ഫല വൃക്ഷങ്ങളും, വാഴ, കുരുമുളക്, പച്ചക്കറി എന്നിവയുടെ കൃഷിയും മഹാഗണി, തേക്ക്, തുടങ്ങിയ മരങ്ങളുമാണ് പ്രദേശത്തെ പ്രധാന വിളകൾ.

### 4.7. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെ നമ്പറുകളിലുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തിയ 270 ഭൂവുടമകളിൽ, 11 സ്ഥലങ്ങൾ സ്കൂൾ, മസ്ജിദ്, മുനിസിപ്പൽ കോർപ്പറേഷൻ, മെഡിക്കൽ കോളേജ്, ലൈബ്രറി, റൂറൽ ഹൗസിങ്ങ് സൊസൈറ്റി തുടങ്ങിയ സ്ഥാപങ്ങളുടെയോ ഗവൺമെൻറ് ഭൂമിയിൽ പ്രവർത്തിക്കുന്ന പൊതു സ്ഥാപനങ്ങളുടെയോ പേരിലുള്ളതാണ്.

മറ്റ് 259 ഭൂവുടമകളിൽ 17 എണ്ണം കൂട്ടുടമസ്ഥതയിലുള്ളതും, 8 എണ്ണം മരണപ്പെട്ടവരുടെ പേരിലുള്ളതുമാണ്. ബാക്കി 234 സ്ഥലങ്ങളും വ്യക്തിഗത ഉടമസ്ഥതയിലുള്ളതാണ്. നിർദ്ദിഷ്ട സ്ഥലങ്ങൾ ഉടമകൾക്ക് കൈവശമായ രീതി പരിശോധിക്കുമ്പോൾ, ഇതുമായി ബന്ധപ്പെട്ട വിവരം നൽകിയവരിൽ (242) 41.3 ശതമാനം ഉടമകൾ ടി സ്ഥലങ്ങൾ വിവിധ കാലയളവുകളിലായി വാങ്ങിയതും 58.7 ശതമാനം ഉടമകൾക്ക് തങ്ങളുടെ പൂർവ്വികരിൽ നിന്നും കൈവശമായതുമാണ്.

പദ്ധതിബാധിതരാകുന്ന ഭൂവുടമകൾക്ക് പദ്ധതിപ്രദേശത്ത് കൈവശമായ ഭൂമിയുടെ അളവ് പരിശോധിച്ചാൽ, ബന്ധപ്പെട്ട വിവരം നൽകിയവരിൽ, 52 ശതമാനം ഉടമകൾക്ക് 10 സെൻറിൽ താഴെയും, 31 ശതമാനം പേർക്ക് 10 സെൻറിനും 25 സെൻറിനും ഇടയിലും, 12 ശതമാനം പേർക്ക് 25 സെൻറിനും 50 സെൻറിനും ഇടയിലും, 4 ശതമാനം ഭൂവുടമകൾക്ക് 50 സെൻറിനും ഒരു ഏക്കറിനും ഇടയിലും, ബാക്കി 1 ശതമാനം ഭൂവുടമകൾക്ക് 1 ഏക്കറിൽ കൂടുതലും സ്ഥലമുണ്ട്.

**വാസയോഗ്യമായ വീടുകളുടെ എണ്ണം**

പദ്ധതി ബാധിത ഭൂമിയിൽ താമസിക്കുന്ന ഭൂവുടമകളിൽ, 16 ഭൂവുടമകൾ തങ്ങളുടെ വീടുകൾ പദ്ധതി ബാധിതമാകുമെന്ന ആശങ്ക അറിയിച്ചു. പദ്ധതിബാധിതമാകുന്ന വീടുകളുടെ വിവരങ്ങൾ പട്ടിക 4.8.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.8.1 പദ്ധതിബാധിതമാകാൻ സാധ്യതയുള്ള വീടുകൾ**

| *ക്രമ നമ്പർ* | *ഉടമയുടെ പേര്* | *ആഘാതം* | *വിവരണം* |
|---|---|---|---|
| **വില്ലേജ് : കുന്ദമംഗലം** | | | |
| 1 | പ്രഭാകരൻ നായർ, 9995832970 (106/2) | ചെറിയ തോതിൽ (സിറ്റൗട്ടിലേക്കുള്ള പടികൾ) | വാടകക്കാർ താമസിക്കുന്നു |
| 2 | രതി ബായ് 9946664913 (71/55) | ചെറിയ തോതിൽ (വീടിൻെറ മുൻവശം) | കുടുംബം താമസിക്കുന്നു |
| 3 | പ്രേമ കിഴക്കേയിൽ 9747813390 (96/3) | ചെറിയ തോതിൽ | കുടുംബം താമസിക്കുന്നു |
| **വില്ലേജ് : ചെലവൂർ** | | | |
| 4 | ഫാത്തുമ്മ (late) (92/5) പീടികയിൽ, 9645622656 | പൂർണ്ണമായും | കുടുംബം താമസിക്കുന്നു |

| | | | |
|---|---|---|---|
| 5 | സമീർ ഇ.എം, 7902574436 (83) | പൂർണ്ണമായും | കുടുംബം താമസിക്കുന്നു |
| 6 | ജംഷദ് സി വി 7736575650 (90/128, 129) | ഭാഗികമായി | കുടുംബം താമസിക്കുന്നു |
| 7 | അബ്ദുൾ സലാം 9747276226 (92/5) | ഭാഗികമായി | കുടുംബം താമസിക്കുന്നു |
| 8 | അബൂബക്കർ സി വി 7736657136 (90/107) | ഭാഗികമായി | കുടുംബം താമസിക്കുന്നു |
| 9 | ബിനിഷ് ജോസ് (23/53 ) 9048167088/8086063034 | ഭാഗികമായി *(സിറ്റൗട്ട്, കാർ പോർച്ച്, ഒരു മുറി, ബാത്ത് റൂം)* | കുടുംബം താമസിക്കുന്നു |
| 10 | പ്രേമാനന്ദൻ & അദിതി (13/25) 9961848354 | ഭാഗികമായി (പാരപ്പറ്റ്, കാർപോർച്ച്) | കുടുംബം താമസിക്കുന്നു |
| 11 | കോയസ്സൻ 9995618076 | ചെറിയ തോതിൽ (ബാത്ത്റൂം,കാർപോർച്ച്) | കുടുംബം താമസിക്കുന്നു |
| 12 | ഡോ.ഷേർലി വാസു (late) C/o ഡോ.ബാലകൃഷ്ണൻ 9947259417/9746781909(23/47) | ചെറിയ തോതിൽ (സ്റ്റെപ്പ്, പില്ലർ) | കുടുംബം താമസിക്കുന്നു |
| 13 | സലീം എ (26/70) 9562124488 | ചെറിയ തോതിൽ (സൺഷേഡ്) | കുടുംബം താമസിക്കുന്നു |
| 14 | മുഹമ്മദ്, "സുറുമ" (25/56) 9947246292 | ചെറിയ തോതിൽ (സൺഷെയ്ഡ്) | കുടുംബം താമസിക്കുന്നു |
| 15 | ഹലീമ ഡി.വി. (85/14) 9995982718 | ചെറിയ തോതിൽ (മുൻഭാഗത്തെ തൂൺ) | കുടുംബം താമസിക്കുന്നു |
| 16 | അഹമ്മദ് കബീർ † രജിന, തെക്കൻ ഹൗസ്, 9947936167 | ചെറിയ തോതിൽ (സൺഷേഡ്) | വാടകക്കാർ താമസിക്കുന്നു. |

**4.9.കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും**

സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് പദ്ധതിബാധിതമാകുന്ന ഭൂമിയിൽ യാതൊന്നിലും കഴിഞ്ഞ 3 വർഷക്കാലമായി ഭൂമി കൈമാറ്റമോ മറ്റ് വ്യവഹാരങ്ങളോ നടന്നതായി അറിയിച്ചിട്ടില്ല.

# അദ്ധ്യായം – 5
# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

കോഴിക്കോട് ജില്ലയിൽ അരയിടത്ത്പാലം–കാരന്തൂർ റോഡിൻെറ മെഡിക്കൽ കോളേജ് ജംഗ്ഷൻ മുതൽ കാരന്തൂർ ജംഗ്ഷൻ വരെ 5.2 കിലോമീറ്റർ ദൂരത്തിലുള്ള സ്ട്രെച്ച് 2 ൻെറ വികസനത്തിന് വേണ്ടി കോഴിക്കോട് താലൂക്കിലെ ചെലവൂർ, കുന്ദമംഗലം, നെല്ലിക്കോട് വില്ലേജുകളിൽ നിന്നും 5.5321 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

### 5.1. കുടുംബങ്ങളുടെ എണ്ണം

| 42. | രവീന്ദ്രൻ 8606334010 | സൗമ്യ ഡ്രെസ്സസ് | | ആസാൻ കോയ മാഷ് |
| 43. | അരുൺ എം 9995995155 | ഓട്ടോമൊബൈത്സ് കെ എൽ – 11 | | കോയക്കാ |
| 44. | വിജു 7012791315 | എക്സൈഡ് | | കുഞ്ഞയിൻ |
| 45. | ഷജില 9387104083 | അർച്ചന ഫാൻസി | | കുഞ്ഞയിൻ |
| 46. | പ്രദീപൻ 9020518924 | ശ്യാമ ഡ്രെസ്സസ് | | കുഞ്ഞയിൻ |
| 47. | അബ്ദു സലാം 8075335530 | ടി പി സ്റ്റോർസ് | ബേബി | ലക്ഷ്മി അമ്മ |
| 48. | അനിൽ കുമാർ 6235457211 | ചുട്ടൻസ് തട്ടുകട | ആശ | സഹിജ ഇ.കെ |
| 49. | അഞ്ജിത്, അജിത്, മഹേഷ്, 8075316678 | ഹിദേഷ് ഇൻറീരിയെർസ് | | |
| 50. | രജീഷ് 9847338889 | പ്രൊപെൽ മൊട്ടോർസ് | | മാമുക്കോയ |
| 51. | പി കെ മുഹമ്മദ് 9387527370 | പി കെ എം സ്റ്റോർ | | വി. മുഹമ്മദ് |
| 52. | ഖാലിദ് വി 8943556639 | പാരഡൈസ് ഹോട്ടൽ | മുനീർ 9946543844 കെ എ സൈനബ 9745584566 | ഹെമന്ത്കുമാർ സി |
| 53. | ചിഞ്ചു കെ 9037819905 | സിയ ടെക്സ്റ്റൈത്സ് | ശ്രീജ 9995258123 അഞ്ജു | ഹെമന്ത്കുമാർ സി |
| 54. | അജേഷ്കുമർ എം 9847461321 | അച്ചായി സ്റ്റേഷനറീസ് | സൗമ്യ 9207274948 | ഹെമന്ത്കുമാർ സി |
| 55. | ബാലൻ പി 9497613924 | ബാലൻസ് സ്റ്റേഷനറീസ് | | രവികുമർ |
| 56. | രാജൻ, 8606227570 | സായി സ്റ്റോർ | | രവികുമർ |
| 57. | അബ്ദുൽ ഖാദർ 6238069806 | | ദിൽഷാദ് കെ പി 9961157425 ശിവ, 8807809374 | അബ്ദുൽ ഖാദർ |
| 58. | മോഹനൻ കെ 8157047357 | മോഹൻ ടെയ്ലേഴ്സ് ടൈലറിങ് ഷോപ്പ് | | |
| 59. | സജീഷ് 8547044932 | ബിന്ദു ഹോട്ടൽ | പ്രമോദ് 9895093883 വേലായുധൻ ഗണേശൻ | വെലായുധൻ (ലേറ്റ്) |

| | | | | |
|---|---|---|---|---|
| | | | 9645324670<br>ബാലൻ<br>9605513531<br>സുനിൽ പി<br>9947196356<br>സുരേഷ് ബാബു<br>9745175632<br>ഹൈദർ ആലം<br>9995269537<br>സിക്കന്തർ<br>8089382335<br>അഖിലേഷ്കുമാ ർ<br>9947851122 | |
| 60. | ജോബി ഇ<br>9995694044 | കീർത്തി മെഡിക്കൽ | ലിഞ്ചു<br>7012233009 | |
| 61. | കുഞ്ഞലവി കെ റ്റി<br>9995784212 | ഫാമിലി സ്റ്റോർ | | |
| 62. | ഷഹറുബാനു<br>9605982351 | റ്റി പോയിൻറ് | | ആമിന |
| 63. | മുഹമ്മെദ് അഷ്രഫ്<br>9072192480 | മദീന സ്റ്റോർ | | സി വി മുഹമ്മെദ് |
| 64. | എം റിസാൽ<br>7356652339 | പി എം ചിക്കൻ സ്റ്റാൾ | അക്ബർ അലി<br>88915008152<br>അമീർ<br>9207080196 | സി വി മുഹമ്മെദ് |
| 65. | അബൂബക്കർ സി വി<br>8129373027 | സി വി റ്റി സ്റ്റാൾ | | മുഹമ്മദ് സി വി |
| 66. | സോമൻ വി<br>7034398833 | യൂണിവേഴ്സൽ ടെയ്ലേഴ്സ് | | മുഹമ്മദ് സി വി |
| 67. | അബ്ദുൽ റസാക്ക്<br>9400556784 | ജനസേവന കേന്ദ്രം | അനുഷ | മുഹമ്മദ് |
| 68. | സി ടി മുഹമ്മദ്കുട്ടി<br>9539576523 | മീൻ കച്ചവടം | | മുഹമ്മദ് |
| 69. | മുജീബ് റഹ്മാൻ<br>9656324707 | ഹാർഡ് വെയർ ഷോപ്പ് | റിയാസ് റഹ്മാൻ<br>9747730099<br>ഷിഹാന<br>9207433412<br>ബബ് ലു<br>8730806903 | പി കെ മുഹമ്മദ് |

| | | | | |
|---|---|---|---|---|
| 70. | പി സൂരജ്<br>9846554593 | എസ് എം ഇലക്ട്രിക്കൽസ് | | കെ സി മുഹമ്മദ് |
| 71. | സതീശൻ പി ടി<br>9847186407 | സതീഷ് സ്റ്റുഡിയോ | | ഷീല എം പി |
| 72. | സുനിത<br>9847110335 | ക്യൂൻസ് ലാൻഡ് ലേഡീസ് ടെയ്‌ലറിങ് ഷോപ്പ് | സുചിത്ര<br>7736414587<br>വിമല,<br>9567726539 | ഷീല എം പി |
| 73. | ജോൺസൻ ജോസഫ്<br>9946752454 | ജെ ടെക്ക് അലുമിനിയം ഫാബ്രിക്കേഷൻ | | ഷീല എം പി |
| 74. | എം ജി രവീന്ദ്രൻ<br>9946550909 | മെഡിക്കൽ ഷോപ്പ് | സതീശൻ | |
| 75. | ബിന്ദു പി സി<br>9747864485 | റേഷൻ കട | സുബിൻ പി<br>9526745097<br>സന്തോഷ്കുമാർ<br>9744743568 | ഷീല എം പി |
| 76. | മുരളീധരൻ<br>9446245065 | വർണ്ണം ടെക്സ്റ്റൈത്സ് | | ശ്യാം |
| 77. | പുഷ്പരാജൻ<br>7306050109 | അമൃത പൂജ സ്റ്റോർസ് | ഗോപാലൻ<br>9847271485 | സിദ്ധാർഥൻ |
| 78. | പ്രകാശൻ എൻ കെ<br>9349289191 | നന്ദന ലോട്ടറി ആൻഡ് സ്റ്റേഷനറീസ് | | ശ്യാം |
| 79. | പുഷ്പരാജ്<br>9074584858 | സ്ക്രാപ്പ് | മല്ലിക<br>9074584858<br>ഷാറൂക്ക് | അബ്ദുൾ റഹ്മാൻ<br>9847919625 |
| 80. | അബ്ദു റഹ്മാൻ<br>9447424813 | ഫുഡ് ബൈറ്റ്സ് | ജുനൈദ്<br>ഷഹബാസ്<br>റിഫാദ് | ഫൗസിയ<br>7902289242 |
| 81. | കുന്ദമംഗലം കോ-ഓപ്പറേറ്റീവ് ജനറൽ ഹൗസിംഗ് സൊസൈറ്റി ലിമിറ്റഡ് | കുന്ദമംഗലം കോ-ഓപ്പറേറ്റീവ് ജനറൽ ഹൗസിംഗ് സൊസൈറ്റി ലിമിറ്റഡ് | ദീപേഷ്<br>9746974415<br>സബീഷ്<br>8157043958 | |
| 82. | അബ്ദുൾ ഗഫൂർ<br>9961439526 | ന്യൂ കിച്ചൻ ഹോം (മണ്ടാളിൽ ഷോപ്പ്) | അബ്ദു റഹ്മാൻ | ഉസ്മാൻ ഹാജി<br>9946184786 |
| 83. | റുബിത്ത് കാരന്തൂർ<br>8606244799/8089743305 | യുവ സലൂൺ | റുഷാദ്<br>8089743305 | |
| 84. | ദിനേശ് ബാബു<br>9207693042 | ജ്യൂസ് വേൾഡ് | | മോഹനൻ<br>9048212476 |

| | | | | |
|---|---|---|---|---|
| 85. | വസന്തൻ കെ 9946774579 | ജനസേവനകേന്ദ്രം | | ജയലക്ഷ്മി എം (ആദിത്യൻ) 9946277439 |
| 86. | സഹദേവൻ 9497650063 | ഒ കെ ഡ്രൈവിംഗ് സ്കൂൾ | പ്രമീള, 7025586078 മുരളീധരൻ 9400784594 ബാബു,9747770713 | |
| 87. | മനോജ് കെ 8848030206 | ആരാധ്യ ലൈറ്റ് & സൗണ്ട് | | അബ്ദുൾഅസീസ് 8281926748 |
| 88. | വിജേഷ് 9895015505 | ആർ വി ലൈറ്റ് & ഡിസൈൻ സ്റ്റുഡിയോ | വിജേഷ് 9895015505 പ്രിയങ്ക, 9744024191 | |
| 89. | ഷാജു കെ എം 9745323763/7306811371 | ശ്രീഹരി ട്രേഡേഴ്സ് | | ശോഭന 7907369594 |
| 90. | കാരന്തൂർ കോപ്പറേറ്റീവ് നീതി സ്റ്റോർ 9446043250, (ഗിരീഷ്കുമാർ) | കാരന്തൂർ കോപ്പറേറ്റീവ് നീതി സ്റ്റോർ | | ശ്യാമള എം |
| 91. | ജയപ്രകാശൻ 984708153 | | | മോഹനൻ 9048212476 |
| 92. | വിജയൻ പി 9446164020 | കൈരളി ബേക്കറി | ബിന്ദു 9961619810 ദേവദാസ് 9496239199 | പി വേലായുധൻ (late) സതീഷ് 8547044932 |
| 93. | കെ വി ഗൗതം 9020826283 | ചിന്നൂസ് ബാർബർ ഷോപ്പ് (ഹെയർ ഡ്രെസ്സിംഗ്) | | ധനീഷ് 9895833905 |
| 94. | കെ പി മുഹമ്മദ് 9495481860 | നാൻസി ഇലക്ട്രിക്കൽസ് | | |
| 95. | ജോസ് 9387428491 | മയ്യനാട് ശവപ്പെട്ടി വിൽപ്പന കട | | മൊയ്തീൻ കോയ 9847188544 |
| 96. | പി ഒ മാമുക്കോയ പ്രസിഡൻറ് 9847970874 | മായനാട് ഒഴുക്കര മദ്രസ്സ കമ്മിറ്റി ആരാ ധന | | ബിച്ചു, മൊയ്തീൻ കോയ 9847188544 |
| 97. | ജയരാജ് 8281265416 | എം പി സ്റ്റോഴ്സ് (സ്റ്റേഷനറി) | | ശ്രീമതി കെ 9961267447 |

| | | | | |
|---|---|---|---|---|
| 98. | സൈഫുനീസർ റ്റി കെ<br>8606217775 | ഡോണോ ബേക്കറി | | മർക്കസ് സക്കാ ഫത്തി സുന്നിയാർ<br>9400666778 |
| 99. | ഷാജി കുമാർ<br>9847255554 | കാർപ്പെൻററി വർക്ക്ഷോപ്പ് | ദിപിൻ<br>9656657803 | ദമയന്തി<br>9387372255 |
| 100. | ഷനോദ്<br>9349124290 | ബേക്കറി | വിനോദ്<br>9544656603<br>വൈഷ്ണവ്<br>9539734290<br>സക്കീർ<br>9544982840 | മർക്കസ് സക്കാ ഫത്തി സുന്നിയാർ<br>9400666778 |

***വഴിയോരകച്ചവടക്കാർ & തൊഴിലാളികൾ***

മെഡിക്കൽ കോളേജ് ജംഗ്ഷൻ മുതൽ കാരന്തൂർ ജംഗ്ഷൻ വരെയുള്ള റോഡ് വികസിപ്പിക്കുമ്പോൾ, ഏകദേശം 42 വഴിവാണിഭക്കാർക്കും (തെരുവ് കച്ചവടക്കാർ) അവരുടെ തൊഴിലാളികൾക്കും ഉപജീവന മാർഗ്ഗം ബാധിക്കപ്പെടുന്നുണ്ട്. അവരുടെ വിവരങ്ങൾ താഴെ നൽകുന്നു.

**പട്ടിക 5.6.2: *വഴിയോരകച്ചവടക്കാർ & തൊഴിലാളികൾ***

| ക്രമ നമ്പർ | വഴിയോരകച്ചവടക്കാരുടെ പേര് /ഫോൺ നമ്പർ | പ്രവർത്തനം / ആഘാതം | *താഴിലാളികൾ* |
|---|---|---|---|
| 1. | പാണ്ഡ്യൻ<br>6238368214 | ലേഡീസ് സ്റ്റോർസ് | |
| 2. | വാമനൻ<br>9539417682 | ലോട്ടറി കച്ചവടം | |
| 3. | അസ്സൻ കോയ<br>9400398924 | ലോട്ടറി കച്ചവടം | |
| 4. | മോഹനൻപിള്ള കെ.പി<br>991702800 | സഞ്ജി കട | |
| 5. | നൗഷാദ്<br>7025891017 | മിൽമ ഷോപ്പ് | |
| 6. | കാദർകുട്ടി<br>9072712680 | ടോയ്സ് ഷോപ്പ് | |
| 7. | അച്ചുതൻ പി<br>9645337112 | ലോട്ടറി കച്ചവടം | |
| 8. | നടരാജൻ,<br>9895218319 | ലോട്ടറി കച്ചവടം | |
| 9. | ശ്യാമള കെ<br>9048388992 | റ്റീ ഷോപ്പ് | |

| | | | |
|---|---|---|---|
| 10. | ശാന്ത<br>9961458219 | റ്റി ഷോപ്പ് | കൃഷന്ത് |
| 11. | സാവിത്രി<br>9562179249 | പെട്ടിക്കട | |
| 12. | എൻ കെ വാസു<br>9526625093 | പെട്ടി കട | |
| 13. | ഗിരീഷ് കുമാർ<br>9744115530 | വഴിയോര കച്ചവടം | അബ്ദുൾ മനാഫ്<br>9744437354 |
| 14. | അബ്ദുൾ റഹ്മാൻ<br>9745255065 | വഴിയോര കച്ചവടം | |
| 15. | എം സുധ<br>9526579245/9947761007 | കുടുംബശ്രീ ഷോപ്പ് | |
| 16. | പി സി എം സൈനുദ്ദീൻ<br>9446131325 | വഴിയോര കച്ചവടം | |
| 17. | രാധാകൃഷ്ണൻ<br>9847423292 | വഴിയോര കച്ചവടം | ഉസ്മാൻ, 8004668634<br>മുസ്തഫ, 9744437360 |
| 18. | അജയകുമാർ (കൃഷ്ണൻ കുട്ടി, നാരായണൻ), 9947967093 | വഴിയോര കച്ചവടം | |
| 19. | മുഹമ്മദ്<br>8075203874 | വഴിയോര കച്ചവടം | |
| 20. | രാധാകൃഷ്ണൻ<br>9562686289 | ഓറഞ്ച് കച്ചവടം | |
| 21. | പി മോഹനൻ ആചാരി<br>7034071305 | ലോട്ടറി, പത്രം, (ലൈസൻസ്സ് ഇല്ല) | |
| 22. | ചന്ദ്രശേഖരൻ<br>9746783121 | സ്റ്റേഷനറി, ലോട്ടറി, കൂൾ ബാർ | |
| 23. | ഷാജി പി<br>8921205847 | ലോട്ടറി, | |
| 24. | ചന്ദ്രൻ<br>9846275932 | ലോട്ടറി, | |
| 25. | സത്യൻ<br>7025893269 | സ്റ്റേഷനറി | |
| 26. | അബു താഹിർ<br>7994782824 | തുണിക്കട | |
| 27. | അബ്ദുൾ റസാക്ക്<br>9747832717 | തുണിക്കട | |
| 28. | സുബൈദ<br>9946420238 | തുണിക്കട | |
| 29. | മുഹമ്മദ് റഷീദ്<br>8086697543 | തുണിക്കട | |
| 30. | മനാഫ്<br>9656990720 | ചെരിപ്പു കട | |

| | | | |
|---|---|---|---|
| 31. | സി ഐ റ്റി യു ഓഫീസ് കൺവീനർ–മുരളി, 7012115215 | സി ഐ റ്റി യു ഓഫീസ് | |
| 32. | ശശി<br>9387057990 | തുണിക്കട | |
| 33. | ബീരാൻ കോയ<br>9747512934 | | 2 തൊഴിലാളികൾ |
| 34. | എം വി നൂഹ് 8139881292 | ഇളനീർ കട | |
| 35. | ശ്യാം 9746742833 | ഫ്രൂട്സ് | |
| 36. | ബേബി | സ്റ്റേഷനറി, ടോയ്സ് | |
| 37. | അനിൽകുമാർ, 9605595322 | | കരീബ്, 9995179733 |
| 38. | പ്രസി. എൽ.സി<br>9349731414 | | ജുനൈദ്, 8086360171<br>അഖിൽ, 9497259560 |
| 39. | ഷാജി എം, 9020989090 | | |
| 40. | എം.കെ അബ്ദു റഹ്മാൻ, 9061645177 | | ഷറഫുദീൻ–9061645177, ഗഫൂർ 9947493341, മുഹമ്മദ് ഷാഫി 7403763073, മുസ്തഫ കെ.കെ 9947047038 |
| 41. | പി.ടി മൊയ്തീൻ കോയ<br>9947163864 | | മുഹമദ് എം.എം, 9947163864 |
| 42. | രാജൻ<br>8547619787 | സ്റ്റേഷനറി ഷോപ്പ് | |

### *5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)*

പദ്ധതി ബാധിത കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന വായന ശാല, മെഡിക്കൽ കോളേജ് വില്ലേജ് ഓഫീസ് തുടങ്ങി പൊതു സ്ഥാപനങ്ങൾ ബാധിതമാകുമ്പോൾ ഈ സേവനങ്ങളെ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വ്യക്തികളെ, ടി സേവനങ്ങൾ ഉപയോഗിക്കുന്നതിൽ നിന്ന് താൽക്കാലികമായൊ, സ്ഥിരമായൊ തടസ്സപ്പെടുത്തിയേക്കാം. കൂടാതെ, നിർമ്മാണ ഘട്ടത്തിൽ ഗതാഗത തടസ്സം, വസ്തുവിലേക്കുള്ള വഴി തടസ്സപ്പെടൽ എന്നിവ മൂലവും ആളുകൾക്ക് താൽക്കാലികമായി ബുദ്ധിമുട്ട് ഉണ്ടായേക്കാം.

### 5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

പദ്ധതിബാധിതരാകുന്ന 128 ഭൂവുടമകൾക്കാണ് കൃഷി / ഫല വൃക്ഷങ്ങൾ ഉള്ളത്. ഇവരിൽ ഭൂരിഭാഗം ഭൂവുടമകൾക്കും തെങ്ങ് ബാധിക്കപ്പെടുന്നുണ്ട്. കൂടാതെ, മാവ്, കവുങ്ങ്, പ്ലാവ്, കുരുമുളക്, ജാതി, വാഴ എന്നിവയാണ് ബാധിക്കപ്പെടുന്ന പ്രധാന വിളകൾ.

# അദ്ധ്യായം 6

# സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെ കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതിബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യവത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ, കുന്ദമംഗലം ഗ്രാമ പഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നതാണ് പദ്ധതി പ്രദേശം. പ്രദേശത്തെ ജനസംഖ്യാപരമായ വിവരം പരിശോധിച്ചാൽ, 2011 സെൻസസ് പ്രകാരം മുനിസിപ്പൽ കോർപ്പറേഷനിലെ ആകെ ജനസംഖ്യ 291,252 പുരുഷന്മാരും 317,972 സ്ത്രീകളും ഉൾപ്പെടെ 609,224 ആണ്. ജനസംഖ്യയിൽ 52 ശതമാനവും സ്ത്രീകളാണ്. പട്ടിക ജാതി ജനസംഖ്യ 3.7 ശതമാനവും (22,800), പട്ടിക വർഗ്ഗ ജനസംഖ്യ 0.21 ശതമാനവും (1259) ആണ്. കുന്ദമംഗലം ഗ്രാമ പഞ്ചായത്തിലെ ആകെ ജനസംഖ്യ 47,396 ആണ്. ഇതിൽ, 23,971 പുരുഷന്മാരും 23,425 സ്ത്രീകളും ഉൾപ്പെടുന്നു.

പദ്ധതി ബാധിതരാകുന്ന 270 ഭൂവുടമകളെയാണ് സാമൂഹ്യ സാമ്പത്തിക സർവ്വെയിൽ കണ്ടെത്തിയത്. ഇതിൽ, മുനിസിപ്പൽ കോർപ്പറേഷൻ, മെഡിക്കൽ കോളേജ് കാമ്പസ്, ആശഭവൻ, വായനശാല, വില്ലേജ് ഓഫീസ്, സ്കൂൾ, മസ്ജിദ് തുടങ്ങിയ സ്ഥാപനങ്ങൾ ഒഴികെയുള്ള പദ്ധതി ബാധിത കുടുംബങ്ങളുടെ ജനസംഖ്യാപരമായ വിവരങ്ങൾ പരിശോധിച്ചാൽ, ഭൂരിഭാഗം 59 ശതമാനം കുടുംബങ്ങളും ഹിന്ദു മതത്തിലും, 36 ശതമാനം മുസ്ലീം മത വിഭാഗത്തിലും ബാക്കി 5 ശതമാനം കൃസ്ത്യൻ മത വിഭാഗത്തിലും ഉൾപ്പെടുന്നു.

സർവ്വെയിൽ ജനസംഖ്യാപരമായ വിവരം നൽകിയ ഭൂവുടമകളുടെ കുടുംബങ്ങളിൽ, 47.2 ശതമാനം പുരുഷന്മാരും 52.8 ശതമാനം സ്ത്രീകളും ഉൾപ്പെടുന്നു. പ്രധാനമായും (57%) 4–6 അംഗങ്ങളുള്ള കുടുംബങ്ങളാണ്. കൂടാതെ, 35.2 ശതമാനം കുടുംബങ്ങളിൽ 1–3

അംഗങ്ങളും, 7.8 ശതമാനം കുടുംബങ്ങളിൽ 6 ൽ കൂടുതൽ അംഗങ്ങളും ഉൾപ്പെടുന്നു. പദ്ധതി ബാധിത കുടുംബങ്ങളിൽ, 16.6 ശതമാനം പേർ 18 വയസ്സിൽ താഴെയുള്ള കുട്ടികളും 26 ശതമാനം പേർ 60 വയസ്സിന് മുകളിൽ ഉള്ളവരുമാണ്.

### 6.2. വരുമാനവും ദാരിദ്ര്യതലവും

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ഭൂവുടമകളുടെ കുടുംബങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം, വരുമാനം തുടങ്ങിയ വിവരങ്ങളാണ് തുടർന്ന് പ്രതിപാദിക്കുന്നത്.

സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് പദ്ധതിബാധിത കുടുംബങ്ങളിലെ പ്രധാന വരുമാന മാർഗ്ഗം കച്ചവടമാണ്. കൃഷി, വിദേശ ജോലി, പ്രൊഫഷണത്സ്, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, ഗവൺമെൻറ് ജീവനക്കാർ, സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ, കൂലി പണിക്കാർ, പെൻഷനേർസ് എന്നിവരും പദ്ധതി ബാധിതരിൽ ഉൾപ്പെടുന്നു.

വിവരം നൽകിയ കുടുംബങ്ങളിൽ ഭൂരിഭാഗം (91%) പേരും തന്നെ ദാരിദ്ര്യ രേഖക്ക് മുകളിലുള്ളവർക്കുള്ള വെള്ളയൊ (70%), നീലയൊ (21%) നിറത്തിലുള്ള റേഷൻ കാർഡാണ് കൈവശം വച്ചിരിക്കുന്നത്. ബാക്കി 9 ശതമാനം ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്കുള്ള പിങ്ക് കളർ റേഷൻ കാർഡാണ് കൈവശം വച്ചിരിക്കുന്നത്.

### 6.3. ദുർബലജനവിഭാഗം

പദ്ധതിബാധിത കുടുംബാംഗങ്ങളിലെ 16.6 ശതമാനം കുട്ടികളും (18 വയസിൽ താഴ) 26 ശതമാനം വയോജനങ്ങളുമാണ് (60 വയസും അതിൽ കൂടുതലും).

### 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

പദ്ധതിബാധിതമാകുന്ന സ്ഥലങ്ങളുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, 50 ശതമാനം പേരും താമസത്തിനായാണ് ടി സ്ഥലം ഉപയോഗിക്കുന്നത്. 32 ശതമാനം വ്യാപാര വ്യവസായ സ്ഥാപനങ്ങൾ നടത്തുന്നതിനും, 4 ശതമാനം കൃഷിക്കും, 3 ശതമാനം താമസവും വ്യാപാര വ്യവസായ സ്ഥാപനവും ഒരുമിച്ച് നടത്തുന്നതിനും, കൂടാതെ, ബാക്കി 11 ശതമാനം ഉടമകളുടെ ഭൂമി വഴിയായും, തരിശായി കിടക്കുന്ന ഭൂമിയായും, സ്കൂൾ, പള്ളി, വില്ലേജ് ഓഫീസ്, വായന ശാല, തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്നതിനായും ഉപയോഗിച്ച് വരുന്നു.

ഭൂവുടമകളിൽ ഏകദേശം 128 പേർക്കു വിവിധ തരത്തിലുള്ള കൃഷി, മരങ്ങൾ അതായത് തെങ്ങുകൾ, വാഴ, കവുങ്ങ്, മാവ്, പ്ലാവ്, കുരുമുളക് തുടങ്ങിയവ പോലുള്ള ഭക്ഷ്യ വിളകളും, വരുമാനവും നഷ്ട്ടമാകുന്നു. കൂടാതെ, പദ്ധതി ബാധിത ഭൂമിയിലെ വ്യപാര വ്യവസായ സ്ഥാപനങ്ങൾ പദ്ധതിബാധിതമാകുമ്പോൾ, സ്ഥല ഉടമകളുടെ, വാടകക്കാരുടെ, തൊഴിലാളികളുടെ ഉപജീവന മാർഗ്ഗമൊ, വരുമാനമൊ നഷ്ടപ്പെടുന്നു. വഴി വാണിഭക്കാരുടെയും അവരുടെ തൊഴിലാളികളുടേയും ഉപജീവന മാർഗ്ഗം ബാധിക്കപ്പെടുന്നു.

### 6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതി ബാധിത പ്രദേശത്ത് നിരവധി കച്ചവടക്കാർ പദ്ധതി ബാധിതമാവുന്നുണ്ട്.

### 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പദ്ധതിബാധിത കുടുംബങ്ങളിൽ ഭൂരിഭാഗവും കച്ചവടത്തെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരാണ്. കൂടാതെ, വിദേശ ജോലി, പ്രഫഷണൽ ജോലി, സ്വകാര്യ സ്ഥാപനത്തിലെ ജോലി, ഗവൺമെൻറ് സർവീസ് / സർവ്വീസ് പെൻഷൻ എന്നിവയെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന കുടുംബങ്ങളുമുണ്ട്.

### 6.7 കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതി പ്രദേശത്തെ ഭൂരിഭാഗം കുടുംബങ്ങളും അണുകുടുംബങ്ങളും വിസ്തൃത കുടുംബ ങ്ങളുമാണ്. പദ്ധതിബാധിത പ്രദേശത്ത് ഏതെങ്കിലും സാംസ്കാരിക സംഘടനകൾ ഉള്ളതായി കണ്ടില്ല.

### 6.8 ഭരണ സംഘടനകൾ

പദ്ധതിപ്രദേശത്ത് ഭരണസംഘടനകളുടെ സ്ഥാപനങ്ങളില്ല.

### 6.9 രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ പദ്ധതിബാധിതമാകുന്നില്ല.

### 6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

മുസ്ലീം ജമായത്ത് കമ്മിറ്റിയുടെ പേരിലുള്ള പള്ളിയുടെ സ്ഥലം, വായന ശാല എന്നിവയൊഴികെ മറ്റ് പൗര സംഘടനകളുടെ സ്ഥലങ്ങൾ ബാധിക്കപ്പെടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.

### 6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

കോഴിക്കോട് ജില്ലയിലെ പ്രധാന ജംഗ്ഷനുകളാണ് അരയിടത്തുപാലം, മെഡിക്കൽ കോളേജ് ജംഗ്ഷൻ, കാരന്തൂർ എന്നിവ. ഈ ജംഗ്ഷനുകളെ ബന്ധിപ്പിക്കുന്ന അരയിടത്ത്പാലം – മെഡിക്കൽ കോളേജ്–കാരന്തൂർ റോഡ് വികസിപ്പിക്കുക എന്നതാണ് നിലവിലെ പദ്ധതി. ഏകദേശം 11.895 കിലോമീറ്റർ ദൂരം വരുന്ന ടി റോഡ് അരയിടത്തുപാലം ജംഗ്ഷനിൽ നിന്ന് ആരംഭിച്ച് തൊണ്ടയാട്, മെഡിക്കൽ കോളേജ് ജംഗ്ഷൻ വഴി ദേശിയ പാത 744 ലെ കാരന്തൂർ ജംഗ്ഷനിൽ അവസാനിക്കുന്നു. ടി പദ്ധതി രണ്ട് സ്ട്രെച്ചുകളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. അരയിടത്ത്പാലം മുതൽ കോഴിക്കോട് മെഡിക്കൽ കോളേജ് വരെ സ്ട്രെച്ച് 1 ഉം മെഡിക്കൽ കോളേജ് മുതൽ കാരന്തൂർ ജംഗ്ഷൻ വരെ സ്ട്രെച്ച് 2 ഉം ആയാണ് തിരിച്ചിരിക്കുന്നത്. ഒരു പ്രധാന ജില്ല റോഡായ മെഡിക്കൽ കോളേജ്–കാരന്തൂർ റോഡ് വികസിപ്പിക്കേണ്ടതിൻെറ അടിയന്തിര പ്രാധാന്യം മനസ്സിലാക്കി, സ്ട്രെച്ച് 2 ൻെറ വികസന പ്രവർത്തനത്തിനാണ് കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി ആദ്യം അനുമതി ലഭ്യമായിട്ടുള്ളത്. ടി റോഡിൻെറ നിലവിലെ അവസ്ഥ ഏറെക്കുറെ എല്ലായിടങ്ങളിലും വളരെ മോശമാണ്. മാത്രമല്ല, ഈ റോഡിലെ നിലവിലെ ഗതാഗത തിരക്ക് റോഡിന് ഉൾക്കൊള്ളാവുന്നതിനും അപ്പുറമാണ്. നിലവിലെ ട്രാഫിക്ക് അനുസരിച്ച് മെഡിക്കൽ കോളേജ്–കാരന്തൂർ റോഡ് നാല് വരി പാതയായി പുനർനിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. ശരിയായ ഡ്രെയ്നേജ് സൗകര്യമില്ലാത്തതിനാൽ റോഡിൽ പലയിടങ്ങളിലും വെള്ളക്കെട്ട് പതിവാണ്. നൂറ് കണക്കിന് വാഹനങ്ങളും രോഗികൾ അടക്കം ആയിര കണക്കിന് യാത്രക്കാരും ദിവസവും ആശ്രയിക്കുന്ന കാരന്തൂർ മെഡിക്കൽ കോളേജ് റോഡിൽ പലയിടങ്ങളിലും ആഴമേറിയ കുഴികൾ ഉണ്ട്. ഈ കുഴികളിൽ വീണ് ദിവസവും ഇരു ചക്ര വാഹന യാത്രക്കാർ അടക്കം ഒട്ടേറെ പേർക്കാണ് പരിക്കേൽക്കുന്നത്. ചില ഭാഗങ്ങളിലെ വെളിച്ച കുറവും, റോഡിൻെറ വീതി കുറവും, ഇരു വശവും ആഴമേറിയ തോടും യാത്രക്കാർക്ക് ഭീഷണിയാണ്. മണിക്കൂറിൽ മുപ്പതോളം ആമ്പുലൻസ് അടക്കം നിരവധി വാഹനങ്ങൾ 3 ജില്ലകളിൽ നിന്നും, തമിഴ്നാട് നീലഗിരി ഭാഗത്ത് നിന്നും മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് രോഗികളേയും കൊണ്ട് സഞ്ചരിക്കുന്ന ജില്ലയിൽ ഏറ്റവും കൂടുതൽ വാഹന ഗതാഗതവും തിരക്കുമുള്ള പ്രധാന റോഡുകളിൽ ഒന്നാണ് ഇത്.

നിർദ്ദിഷ്ട റോഡിന് വേണ്ടി, അതായത് മെഡിക്കൽ കോളേജ്–കാരന്തൂർ റോഡിന് വേണ്ടി സ്ഥലമെടുത്ത് 24 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. നാല്വരി

പാതക്ക് അനുയോജ്യമായ രീതിയിൽ കാരേജ്‌വേ 14 മീറ്ററായി (7m x 2) വികസിപ്പിക്കുകയും, 2.5 മീറ്റർ വീതിയിൽ ഇൻറർലോക്ക് കട്ടകൾ പാകിയ ഷോൾഡറും റോഡിൻെറ ഇരുവശങ്ങളിൽ ഉണ്ടായിരിക്കുകയും ചെയ്യും. കൂടാതെ, 1.5 മീറ്റർ വീതിയിൽ ഡ്രെയിനേജും, അതിന് മുകളിലായി 1.5 മീറ്റർ വീതിയിൽ നടപ്പാതയും റോഡിൻെറ ഇരുവശങ്ങളിലും നിർമ്മിക്കും. അതോടൊപ്പം, ഒരു മീറ്റർ വീതിയിൽ മീഡിയനും, ഒരു മീറ്റർ വരുന്ന യൂട്ടിലിറ്റി കോറിഡോറും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. നിലവിലുള്ള 7 കൽവർട്ടുകളുടെ പുനർനിർമ്മാണം, ഏകദേശം 10 ബസ്ബേ/ബസ് ഷെൽട്ടറുകൾ എന്നിവയും ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ടി പദ്ധതി പൂർത്തീകരിക്കുന്നതോട് കൂടി യാത്രക്കാർക്ക് യാത്രാസമയം, ഇന്ധനചെലവ്, ഗതാഗത തടസം എന്നിവ കുറയുകയും റോഡ് യാത്രികരുടെ സുരക്ഷാസാധ്യതകൾ മെച്ചപ്പെടുകയും ചെയ്യും. കൂടാതെ, വയനാട് ജില്ലയിൽ നിന്നും മറ്റും കാരന്തൂർ – മെഡിക്കൽ കോളേജ് റോഡ് വഴി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് വരുന്ന രോഗികൾക്കും മറ്റും ഈ പദ്ധതി വലിയൊരു ആശ്വാസമാവുകയും പ്രദേശത്തിൻെറ സമഗ്ര വികസനത്തിനു കാരണമാകുകയും ചെയ്യും.

### 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പ്രദേശവാസികൾക്ക് അവശ്യ സൗകര്യങ്ങളെല്ലാം പ്രാപ്യമാണ്.

# അദ്ധ്യായം 7
# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

## 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം വിവിധ ഘട്ടങ്ങളിലായാണ് പദ്ധതിയുടെ പ്രത്യാഘാതം വിലയിരുത്തിക്കൊണ്ടിരിക്കുന്നത്. ആദ്യഘട്ടത്തിൽ സെപ്റ്റംബർ 12 തീയതിയിൽ പദ്ധതി പ്രദേശത്ത് സന്ദർശനം നടത്തി പ്രദേശത്തിൻെറ പ്രത്യേകതകളും, പ്രധാനമായും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പൊതുവിൽ വിലയിരുത്തുകയും, തുടർന്ന്, സെപ്റ്റംബർ 19, 20 തീയതികളിൽ പ്രദേശത്ത് താമസി ക്കുന്ന പദ്ധതി ബാധിത കുടുംബങ്ങളിൽ മുൻപേ തയ്യാറാക്കിയ സാമൂഹ്യ-സാമ്പത്തിക സർവേ ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തി. പദ്ധതിപ്രദേശത്ത് താമസമി ല്ലാത്തതും നേരിൽ കാണുവാൻ കഴിയാതിരുന്നതുമായ ഭൂവുടമകളിൽ നിന്ന് ടെലഫോൺ മുഖാന്തിരവും വിവരങ്ങൾ ശേഖരിച്ചു.

പഠനത്തിൻെറ അടുത്ത ഘട്ടമായി ഡിസംബർ 30 തീയതിയിൽ ഒരു പബ്ലിക് ഹിയറിങ്ങ് നടത്തുന്നതിന് തീരുമാനിച്ചു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം സർവ്വേയിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്തും, പദ്ധതിയെ ക്കുറിച്ച് അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാ ക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിൻെറ കരട് രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിക്കുകയും, ടി റിപ്പോർട്ടിലേക്ക് ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും നിർദ്ദേശിക്കുന്നതിന് പദ്ധതിബാധിത ഭൂവുടമകൾക്ക് അവസരം നൽകു കയും ചെയ്യും. ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും അർത്ഥനാധി കാരിയുടെ കാര്യാലയത്തിൽ നിന്നുമുള്ള ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവും പബ്ലിക് ഹിയറിങ്ങിൽ ഉണ്ടായിരിക്കും. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പദ്ധതി ബാധിതർ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് ഉദ്യോഗസ്ഥർ പബ്ലിക് ഹിയറിങ്ങിൽ മറുപടി നൽകും.

## 7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

കോഴിക്കോട് ജില്ലയിൽ അരയിടത്ത്പാലം-കാരന്തൂർ റോഡ് വികസന പദ്ധതിയുടെ ഭാഗമായി മെഡിക്കൽ കോളേജ് ജംഗ്ഷൻ മുതൽ കാരന്തൂർ ജംഗ്ഷൻ വരെ 5.2

കിലോമീറ്റർ ദൂരത്തിലുള്ള സ്ട്രെച്ച് 2 ൻെറ വികസനത്തിന് വേണ്ടി കോഴിക്കോട് താലൂക്കിൽ ചെലവൂർ, കുന്ദമംഗലം, നെല്ലിക്കോട് വില്ലേജുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള വീട്, അവശ്യ സൗകര്യങ്ങൾ, വ്യാപാര വ്യവസായ സ്ഥാപനം എന്നിവ പദ്ധതി ബാധിതമാകൽ, ഉപജീവനം തടസ്സപ്പെടൽ, വരുമാനം നഷ്ടമാകൽ, കൃഷി / ഫല വൃക്ഷങ്ങൾ നഷ്ടമാകൽ, പോലീസ് സ്റ്റേഷൻ, പള്ളി, വായനശാല, ആശ ഭവൻ തുടങ്ങിയ സ്ഥാപനങ്ങൾ ബാധിക്കപ്പെടൽ തുടങ്ങി വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/ 2015/RD പ്രകാരവും, 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും കേരള സർക്കാർ പുറപ്പെടുവിച്ച പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം, പുനഃരധിവാസ–പുനഃസ്ഥാപനം എന്നിവ പദ്ധതിബാധിതർക്ക് നൽകുക.

- ഉപജീവനമാർഗം നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്ക് ഭംഗം നേരിടാതിരിക്കുന്നതിന് സമയാധിഷ്ടിതമായി നഷ്ടപരിഹാരം നൽകുക.

- പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ/സ്ഥാപനത്തിൽ 3 വർഷക്കാലമായി താമസിക്കുകയോ ഉപജീവനം നടത്തുകയോ ചെയ്യുന്ന വാടകക്കാരെയും തൊഴിലാളികളെയും വിശ്വസനീയമായ തെളിവിൻെറ അടിസ്ഥാനത്തിൽ പുനരധിവാസ –പുനസ്ഥാപന പാക്കേജിന് പരിഗണിക്കുക

- പദ്ധതിനിർമ്മാണ ഘട്ടത്തിൽ പദ്ധതി പ്രദേശത്തെ കെട്ടിടങ്ങളിൽ കുടുംബങ്ങൾക്ക് താമസത്തിനോ ഉപജീവന പ്രവർത്തനത്തിനോ തടസം നേരിട്ടാൽ, നിജസ്ഥിതി പരിശോധിച്ച്, ആവശ്യമെങ്കിൽ, പ്രസ്തുത കാലഘട്ടത്തിൽ ബദൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

- പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടും ബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസ പ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.
- പാർക്കിങ്ങ് ഏരിയ നഷ്ടമാകുന്ന വ്യാപാര സ്ഥാപനങ്ങൾക്ക്, ടി കെട്ടിടങ്ങളിൽ നടക്കുന്ന വ്യാപാരങ്ങളുടെ സ്വഭാവമനുസരിച്ച്, നിജസ്ഥിതി പരിശോധിച്ച് ആവശ്യ മായ പ്രത്യാഘാത ലഘൂകരണ നടപടികൾ സ്വീകരിക്കേണ്ടതാണ്
- പദ്ധതി ബാധിതമാകുന്ന അവശ്യസൗകര്യങ്ങൾ പുനസ്ഥാപിക്കുന്നതിന് ഏറ്റെടുക്ക ലിനു ശേഷം അവശേഷിക്കുന്ന സ്ഥലം അപര്യാപ്തമല്ലാതിരിക്കുന്ന സാഹചര്യത്തിൽ ടി സൗകര്യങ്ങൾ നിലനിറുത്തുന്നതിന് പദ്ധതിയിൽ സാധ്യമായ മാറ്റം പരിഗ ണിക്കുക.
- പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടിശല്യവും യന്ത്ര സാമഗ്രി കളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.
- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷ തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

### 7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാ സത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS)No.485/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS) No.448/2017/RD പ്രകാരവും കേരള സംസ്ഥാ നത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃരധിവാസ- പുനഃസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരമുള്ള നടപടിക്രമങ്ങൾ മെഡിക്കൽ കോളേജ് - കാരന്തൂർ ജംഗ്ഷൻ റോഡ് വികസനത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിക്ക് ബാധകമാണ്.

### 7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്ഥാവിച്ചിട്ടുള്ള നടപടികൾ

വിവരം ലഭ്യമല്ല.

### 7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

കുടുംബങ്ങൾക്ക് പ്രത്യാഘാതങ്ങൾ കഴിയുന്നത്ര കുറവ് വരുന്ന വിധത്തിൽ ആണ് രൂപരേഖ തയ്യാറാക്കപ്പെട്ടിട്ടുള്ളത് എന്ന് പഠനസംഘം വിലയിരുത്തുന്നു.

### 7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയ ക്രമം കൃത്യമായി പാലിച്ചുകൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RD പ്രകാരവും പദ്ധതി കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(MS) No.448/ 2017/RD പ്രകാരവും പദ്ധതിബാധിതർക്ക് നഷ്ടപരിഹാരം, പുനരധിവാസ –പുനസ്ഥാപന പാക്കേജ് എന്നിവ നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യ മായ വിവരങ്ങൾ വിശകലനം ചെയ്തതിൻെറ അടിസ്ഥാനത്തിൽ അരയിടത്ത്പാലം –കാരന്തൂർ റോഡ് വികസന പദ്ധതിയുടെ ഭാഗമായി മെഡിക്കൽ കോളേജ് ജംഗ്ഷൻ മുതൽ കാരന്തൂർ ജംഗ്ഷൻ വരെ 5.2 കിലോമീറ്റർ ദൂരത്തിലുള്ള സ്ട്രെച്ച് 2 ൻെറ വികസന പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാ തങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

## പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃ സ്ഥാപനത്തിനു മുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തൽ |
| 2 | വീട് നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരമുള്ള നഷ്ടപരിഹാരം നൽകുക RFCTLARRനിയമം 2013 രണ്ടാം പട്ടിക പ്രകാരവുമുള്ള പുനരധിവാസ-പുന:സ്ഥാപന പാക്കേജ് നൽകുക | | കുടുംബങ്ങളുടെ സുരക്ഷിതമായ താമ സം ഉറപ്പ് വരുത്തി കൊണ്ട്, നിലവിലെ സൗകര്യങ്ങളിൽ യാതൊരുവിധ കുറവും വരാതെയുള്ള പുനര ധിവാസ നടപടികൾ |
| 3 | കെട്ടിടങ്ങൾ ഉൾപ്പടെ വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം | RFCTLARRനിയമം2013ഒന്നാംപ ട്ടികപ്രകാരവും അനുബന്ധ മായ കേരള സംസ്ഥാന സർക്കാ രിൻെറ പോളിസികൾ പ്രകാരവുമുള്ള നഷ്ടപ രിഹാരം നൽകുക | | ഭൂവുടമകളുടെ സാന്നിധ്യത്തിൽ ആസ്തികളുടെ കണ ക്കെടുപ്പ് നടത്തുക യും അവയുടെമൂല്യ നിർണ്ണയ നടപടികൾ കൃത്യമായിഉടമകളെ ബോധ്യപ്പെടുത്തുക യും ചെയ്യുക |
| 4 | ഉപജീവനമാർഗം /വരുമാനം നഷ്ടമാകൽ | RFCTLARRനിയമം 2013 രണ്ടാം പട്ടിക പ്രകാരവും അനുബന്ധ മായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള പുനരധി വാസ-പുന:സ്ഥാപന പാക്കേജ് നൽകുക | | ഉപജീവനം/വരുമാനം നഷ്ടമാകുന്ന ഭൂവുട മകൾക്കും, പദ്ധതി പ്രദേശത്ത് 3 വർഷ ത്തിലധികമായി തൊഴിൽ ചെയ്യുന്ന, വിശ്വസനീയമായ രേഖകളുള്ള വാടകക്കാർക്കും തൊഴിലാളികൾക്കും മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ പുനരധിവാസ-പുന |

| | | | | |
|---|---|---|---|---|
| | | | | സ്ഥാപന പാക്കേജി ന് പരിഗണന. |
| 5 | ഗതാഗത തടസ്സം / പ്രവേശനമാർഗം നഷ്ടമാകൽ | പദ്ധതി നിർമ്മാണഘട്ടത്തി ൽ നിലവിലുള്ള റോഡിലൂടെയു ള്ള ഗതാഗതം പൂർണ്ണമായി തടസ്സപ്പെടാതിരിക്കുന്നതിനു ള്ള മർഗങ്ങൾ മുൻപേ ആസൂ ത്രണം ചെയ്യുക. പദ്ധതി നിലവിൽ വരുമ്പോൾ വസ്തുവി ലേക്ക് മതിയായ പ്രവേശന മാർഗം ലഭ്യമാക്കണം. | | പദ്ധതിമൂലം ആരു ടെയും സഞ്ചാര സ്വാതന്ത്ര്യവും, വസ്തു വകകളിലേക്കുള്ള പ്രവേശനവും നഷ്ട മാകുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |
| 6 | നിർമ്മാണ മാലിന്യങ്ങൾനി ർമ്മാർജനം ചെയ്യാതിരിക്കൽ | നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടി തവുമായി നിർമ്മാർജനം ചെയ്യുക | പദ്ധതി നിർമ്മാ ണ ഘട്ടത്തിനു മുമ്പേ മാലിന്യ നിർമ്മാർജനം ആസൂത്രണം ചെയ്യുക | പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം ഉണ്ടാകാ ത്ത വിധത്തിൽ പദ്ധതി നിർവ്വഹണ ത്തിനു മുൻപേ നിർമ്മാണ മാലിന്യ ങ്ങൾ ശാസ്ത്രീയമാ യും സമയാധിഷ്ടി തമായും നീക്കം ചെയ്യും എന്ന് ഉറപ്പ് വരുത്തുക |
| 7 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. | | പദ്ധതി പ്രദേശ ത്തെ പരിസ്ഥി തിക്ക് കോട്ടം വരുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |

**7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ,പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

ബാധകമല്ല

# അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ സ്ഥാപനസംവിധാനം

### 8.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43– ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015, ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്. അരയിടത്ത്പാലം–കാരന്തൂർ റോഡ് വികസന പദ്ധതിയുടെ ഭാഗമായി മെഡിക്കൽ കോളേജ് ജംഗ്ഷൻ മുതൽ കാരന്തൂർ ജംഗ്ഷൻ വരെ 5.2 കിലോമീറ്റർ ദൂരത്തിലുള്ള സ്ട്രെച്ച് 2 ൻെറ വികസന പദ്ധതിക്ക് വേണ്ടി കോഴിക്കോട് താലൂക്കിലെ ചെലവൂർ, കുന്ദമംഗലം, നെല്ലിക്കോട് വില്ലേജുകളിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിൻെറ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത് ഡെപ്യൂട്ടി കളക്ടർ (എൽ.എ), കോഴിക്കോട് ആണ്. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, (എൽ.എ), ജനറൽ, കോഴിക്കോട് ആണ് .

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം 23/09/2015 ൽ

പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് രൂപീകരിക്കേണ്ടത്.

1. ന്യായമായ പുനരധിവാസ പുനസ്ഥാപനത്തിനും വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി. ടി കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.
   - ജില്ലാ കളക്ടർ
   - പുനരഃധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
   - ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
   - സാമ്പത്തിക ഉദ്യോഗസ്ഥൻ
   - സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
   - പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ
2. പുനരധിവാസ പുനസ്ഥാപനത്തിനും വേണ്ടിയുള്ള സ്റ്റേറ്റ് മോണിറ്ററിംഗ് കമ്മിറ്റി. ടി കമ്മിറ്റിയിൽ താഴെ പറയുന്ന വ്യക്തികൾ ഉൾപ്പെടുന്നു.
   - ചീഫ് സെക്രട്ടറി
   - റവന്യൂ സെക്രട്ടറി
   - അഡ്മിനിസ്ട്രേറ്റീവ് വകുപ്പിൻെറ സെക്രട്ടറി
   - നിയമ സെക്രട്ടറി
   - ഫിനാൻസ് സെക്രട്ടറി

ജില്ലാതല കമ്മിറ്റി പദ്ധതിബാധിതർക്ക് നൽകേണ്ട ന്യായമായ ഭൂമി വിലയും നഷ്ട പരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും ഉൾക്കൊള്ളുന്ന എസ്റ്റിമേറ്റ് തയ്യാറാക്കി സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റിക്ക് സമർപ്പിക്കും. പ്രസ്തുത എസ്റ്റിമേറ്റ് സംസ്ഥാന കമ്മിറ്റി അംഗീകരിക്കുകയോ അല്ലെങ്കിൽ സംസ്ഥാന കമ്മിറ്റിയുടെ നിരീക്ഷ ണങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തി പുനർനിർണ്ണയത്തിനായി തിരിച്ചയക്കുകയോ ചെയ്യും.

നഷ്ടപരിഹാരം, പുനരധിവാസ പുനസ്ഥാപനത്തിനുമുള്ള എസ്റ്റിമേറ്റിന് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിനു ശേഷം ജില്ലാതല കമ്മിറ്റി പ്രസ്തുത എസ്റ്റിമേറ്റും ബന്ധപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും പദ്ധതി ബാധിത കുടുംബ ത്തോട് വിശദീകരിക്കും. പദ്ധതിബാധിത വ്യക്തിയുടെ/കുടുംബത്തിൻെറ അനുമതി ലഭിച്ചു

കഴിഞ്ഞാൽ  ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ  ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ട പരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/ കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

**8.2. ഗവൺമെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാ രത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടു ക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ  സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃ തമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരി ഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവ കാശ ചട്ടങ്ങൾ, 2015 ൻെറ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം രാജഗിരി ഔട്ട്റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസ് (ഓട്ടോണമസ്), കളമശ്ശേരി യെ മെഡിക്കൽ കോളേജ്-കാരന്തൂർ റോഡിൻെറ വികസന പദ്ധതിക്ക് വേണ്ടി കോഴിക്കോട് താലൂക്കിലെ ചെലവൂർ, കുന്ദമംഗലം, നെല്ലിക്കോട് വില്ലേജുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി 2025 ആഗസ്റ്റ് 21 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 3027 ൽ പ്രസിദ്ധീകരിച്ച റവന്യു (ബി) വകുപ്പിൻെറ വിജ്ഞാപനം നമ്പർ സ.ഉ.(അച്ചടി)നം.309/2025/റവ പ്രകാരം കോഴിക്കോട് ജില്ലാ കലക്ടർ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കു ന്നതിന് രാജഗിരി ഔട്ട്റീച്ച്, ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

**8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

### 8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

നിർദ്ദിഷ്ടഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9
# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

### 9.1. പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

കോഴിക്കോട് ജില്ലയിൽ അരയിടത്ത്പാലം-കാരന്തൂർ റോഡ് വികസന പദ്ധതിയുടെ ഭാഗമായി മെഡിക്കൽ കോളേജ് ജംഗ്ഷൻ മുതൽ കാരന്തൂർ ജംഗ്ഷൻ വരെ 5.2 കിലോമീറ്റർ ദൂരത്തിലുള്ള സ്ട്രെച്ച് 2 ന്റെ വികസന പദ്ധതിക്ക് വേണ്ടി കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിലെ ചെലവൂർ, കുന്ദമംഗലം, നെല്ലിക്കോട് വില്ലേജു കളിൽ നിന്നും 5.5321 ഹെക്ടർ ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നതിന് വിജ്ഞാപനം ചെയ്തിരിക്കുന്നത്. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ വീട് നഷ്ടപ്പെടുക, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ ബാധിക്കപ്പെടുക, വായന ശാല പള്ളി, സ്കൂൾ, ആശാഭവൻ തുടങ്ങി പൊതു സ്ഥാപനങ്ങൾ ബാധിക്കപ്പെടുക, കൃഷി നഷ്ടപ്പെടുക, തെങ്ങ്, കവുങ്ങ് മുതലായ ഫല വൃക്ഷങ്ങൾ നഷ്ടപ്പെടുക, ഉപജീവന മാർഗ്ഗം, വരുമാനം നഷ്ടപ്പെടുക തുടങ്ങിയ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നുണ്ട്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹ ണത്തിന് വേണ്ടി ചുമതലപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന് ഭൂമിയുടെയും പ്രദേശത്തിന്റെയും പ്രത്യേകതകൾ പരിഗണിച്ച് കൊണ്ട് നിയമാനുസൃത മായ വിലയും ഭൂമിയിലുള്ള ആസ്തികളുടെ വിലയും നിർണ്ണയിക്കുകയും, കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ നഷ്ടപരിഹാരവും പുനരധിവാസ- പുനസ്ഥാപന പാക്കേജും തീരുമാനി ക്കുകയും ചെയ്യും.

### 9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

ബാധകമല്ല

### 9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ബാധകമല്ല

# അദ്ധ്യായം 10
# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
- കുടുംബങ്ങളുടെ ഉപജീവനവും അടിസ്ഥാന സൗകര്യങ്ങളും തടസപ്പെടാത്ത വിധത്തിൽ സമയാധിഷ്ടിതമായ പുനഃസ്ഥാപന നടപടികൾ
- സമയാധിഷ്ടിതമായ ഭൂമിയേറ്റെടുക്കൽ നടപടികൾ
- പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിലുള്ള നിർമ്മാണ പ്രവർത്തനം
- പദ്ധതി പ്രദേശത്തുനിന്നും നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നീക്കം ചെയ്യൽ

## 10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

കോഴിക്കോട് ജില്ലയിൽ അരയിടത്ത്പാലം–കാരന്തൂർ റോഡ് വികസന പദ്ധതിയുടെ ഭാഗമായി മെഡിക്കൽ കോളേജ് ജംഗ്ഷൻ മുതൽ കാരന്തൂർ ജംഗ്ഷൻ വരെ 5.2 കിലോമീറ്റർ ദൂരത്തിലുള്ള സ്ട്രെച്ച് 2 ൻെറ വികസന പദ്ധതിക്ക് വേണ്ടി കോഴിക്കോട് താലൂക്കിലെ ചെലവൂർ, കുന്ദമംഗലം, നെല്ലിക്കോട് വില്ലേജുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിൻെറ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെട്ടിരിക്കുന്ന ഡെപ്യൂട്ടി കളക്ടർ (എൽ.എ), കോഴിക്കോട് പദ്ധതിയുടെ പുനരധിവാസ–പുനസ്ഥാപന സ്കീമിൻെറ തയാറാക്കലിനും നടത്തിപ്പിനും നിരീക്ഷണത്തിനും ചുമതലപ്പെട്ടിരിക്കുന്നു. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം നിർവ്വഹിക്കുവാൻ ചുമതലപ്പെട്ടിരിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ (എൽ.എ), ജനറൽ, കോഴിക്കോട്, ആണ്. അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ സ്പെഷ്യൽ തഹസിൽദാർ (എൽ.എ), തയ്യാറാക്കുന്ന

പുനരധിവാസ–പുനസ്ഥാപന സ്കീമിന്റെ കരട് രേഖ ജില്ലാതല പുനരധിവാസ പുനസ്ഥാപന കമ്മിറ്റി അന്തിമമാക്കുകയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്യണം.

## 10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

ബാധകമല്ല

# അദ്ധ്യായം 11

# നേട്ടങ്ങളും നഷ്ടങ്ങളും – അപഗ്രഥനം, ശുപാർശകൾ

### 11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

കോഴിക്കോട് ജില്ലയിലെ ഒരു പ്രധാന ജില്ലാ റോഡായ, നൂറ് കണക്കിന് വാഹനങ്ങളും രോഗികൾ അടക്കം ആയിര കണക്കിന് യാത്രക്കാരും ദിവസവും ആശ്രയിക്കുന്ന കാരന്തൂർ മെഡിക്കൽ കോളേജ്-കാരന്തൂർ റോഡിന്റെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ, യാത്രക്കാർക്ക് യാത്രാസമയം, ഇന്ധനചെലവ്, ഗതാഗത തടസം എന്നിവ കുറയുകയും റോഡ് യാത്രികരുടെ സുരക്ഷാസാധ്യതകൾ മെച്ചപ്പെടുകയും ചെയ്യും. കൂടാതെ, വയനാട് ജില്ലയിൽ നിന്നും മറ്റും കാരന്തൂർ – മെഡിക്കൽ കോളേജ് റോഡ് വഴി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് വരുന്ന രോഗികൾക്കും മറ്റും ഈ പദ്ധതി വലിയൊരു ആശ്വാസമാവുകയും പ്രദേശത്തിന്റെ സമഗ്ര വികസനത്തിനു കാരണമാകുകയും ചെയ്യും.

കോഴിക്കോട് താലൂക്കിലെ കോഴിക്കോട് താലൂക്കിലെ ചെലവൂർ, കുന്ദമംഗലം, നെല്ലിക്കോട് വില്ലേജുകളിൽ നിന്നും 0.5322 ഹെക്ടർ ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമ കൾക്ക് കൈവശമായ സ്ഥലത്തിൽ കുറവ് വരുകയും ഭൂമിയോട് ചേർന്നുള്ള ആസ്തികൾ നഷ്ടമാകുകയും ചെയ്യുന്നുണ്ട്. പദ്ധതി ബാധിതമാകുന്ന സ്ഥലത്തെ വീടുകൾ, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ എന്നിവ ബാധിക്കപ്പെടുന്നുണ്ട്. വായനശാല, സ്കൂൾ, മസ്ജിദ്, പോലീസ് സ്റ്റേഷൻ, ഗവൺമെന്റ് ആശാഭവൻ തുടങ്ങിയ പൊതുസ്ഥാപ നങ്ങൾ ബാധിക്കപ്പെടുന്നുണ്ട്. മെഡിക്കൽ കോളേജ്, ചെസ്റ്റ് ഹോസ്പിറ്റൽ എന്നിവയും ബാധിക്കപ്പെടുന്നുണ്ട്. ഫല വൃക്ഷങ്ങൾ നഷ്ടപ്പെടുകയും വാടകക്കാർ, തൊഴിലാളികൾ എന്നിവരുടെ ഉപജീവനമോ, വരുമാനമോ തടസ്സപ്പെടുകയും ചെയ്യുന്നുണ്ട്. പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ മേൽ വിവരിച്ച പ്രത്യാഘാ തങ്ങൾ ഉണ്ടായേക്കാം എങ്കിലും പദ്ധതി പ്രദേശത്ത് കൂടെയുള്ള ഗതാഗതം സുഗമമാക്കി, ജനങ്ങളുടെ സുരക്ഷ മെച്ചപ്പെടുത്തി, പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് കാരണമാ യേക്കാം എന്നതിനാൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സർവ്വെയിൽ പങ്കെടുത്ത ഏറെക്കുറെ എല്ലാ ഭൂവുടമകൾക്കും പദ്ധതിയെക്കുറിച്ച് അനുകൂല മനോഭാ വമാണ് എന്ന് മനസിലാക്കുന്നു.

**11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ**

കോഴിക്കോട് ജില്ലയിൽ കോഴിക്കോട് ജില്ലയിൽ അരയിടത്ത്പാലം–കാരന്തൂർ റോഡ് വികസന പദ്ധതിയുടെ ഭാഗമായി മെഡിക്കൽ കോളേജ് ജംഗ്ഷൻ മുതൽ കാരന്തൂർ ജംഗ്ഷൻ വരെ 5.2 കിലോമീറ്റർ ദൂരത്തിലുള്ള സ്ട്രെച്ച് 2 ന്റെ വികസന പദ്ധതിക്ക് വേണ്ടി കോഴിക്കോട് താലൂക്കിലെ ചെലവൂർ, കുന്ദമംഗലം, നെല്ലിക്കോട് വില്ലേജുകളിൽ നിന്ന് ഏകദേശം 5.5321 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന്റെ അനുകൂലവും പ്രതികൂല വുമായ പ്രത്യാഘാതങ്ങൾ  വിലയിരുത്തുമ്പോൾ പദ്ധതി മൂലം ഏതാനും ഭൂവുടമകൾക്ക് മേൽ പറഞ്ഞ നഷ്ടങ്ങൾ ഉണ്ടാകുവാനിടയുണ്ടെങ്കിലും പദ്ധതി പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് കാരണമാകും എന്ന് മാത്രമല്ല തൊട്ടടുത്ത ജില്ലകളിലെ ജനങ്ങൾക്കും പ്രയോജനപ്രദമാകും എന്നതിനാൽ പദ്ധതി ബാധിത കുടുംബങ്ങൾ ഉൾപ്പടെയുള്ള പ്രദേശവാസികൾക്ക് പദ്ധതിയോട് അനുകൂല മനോഭാവമാണുള്ളത് എന്ന് പഠന സംഘം മനസിലാക്കുന്നു ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ  ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും  പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിന്റെയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും 29/12/2017 തീയതിയി ലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരവും പദ്ധതിബാധിത കുടുംബങ്ങൾക്ക് നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവ നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരി ക്കാവുന്നതാണ്.

ആയതിനാൽ കുടുംബങ്ങൾക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവ യഥാസമയം നൽകിയും താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച്കൊണ്ടും മെഡിക്കൽ കോളേജ് – കാരന്തൂർ ജംഗ്ഷൻ റോഡിന്റെ വികസന പദ്ധതിക്ക് വേണ്ടി കോഴിക്കോട് താലൂക്കിലെ ചെലവൂർ, കുന്ദമംഗലം, നെല്ലിക്കോട് വില്ലേജുകളിൽ നിന്ന് ഏകദേശം 5.5321 ഹെക്ടർ ഭൂമി ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കാവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം

ശുപാർശ ചെയ്യുന്നു. പദ്ധതിയുടെ പ്രത്യാഘാതം ലഘൂകരിക്കുന്നതിന് താഴെ നൽകിയിരിക്കുന്ന കാര്യങ്ങൾ കൂടി പരിഗണിക്കണമെന്ന് ചൂണ്ടിക്കാണിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/ 2015/RD പ്രകാരവും, 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും കേരള സർക്കാർ പുറപ്പെടുവിച്ച പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം, പുനഃരധിവാസ- പുനഃസ്ഥാപനം എന്നിവ പദ്ധതിബാധിതർക്ക് നൽകുക.
- ഉപജീവനമാർഗം നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്ക് ഭംഗം നേരിടാതിരിക്കുന്നതിന് സമയാധിഷ്ടിതമായി നഷ്ടപരിഹാരം നൽകുക.
- പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ/സ്ഥാപനത്തിൽ 3 വർഷക്കാലമായി താമസിക്കുകയോ ഉപജീവനം നടത്തുകയോ ചെയ്യുന്ന വാടകക്കാരെയും തൊഴിലാളികളെയും വിശ്വസനീയമായ തെളിവിൻെറ അടിസ്ഥാനത്തിൽ പുനരധിവാസ- പുനസ്ഥാപന പാക്കേജിന് പരിഗണിക്കുക
- പദ്ധതിനിർമ്മാണ ഘട്ടത്തിൽ പദ്ധതി പ്രദേശത്തെ കെട്ടിടങ്ങളിൽ കുടുംബങ്ങൾക്ക് താമസത്തിനോ ഉപജീവന പ്രവർത്തനത്തിനോ തടസം നേരിട്ടാൽ, നിജസ്ഥിതി പരിശോധിച്ച്, ആവശ്യമെങ്കിൽ, പ്രസ്തുത കാലഘട്ടത്തിൽ ബദൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.
- പാർക്കിങ്ങ് ഏരിയ നഷ്ടമാകുന്ന വ്യാപാര സ്ഥാപനങ്ങൾക്ക്, ടി കെട്ടിടങ്ങളിൽ നടക്കുന്ന വ്യാപാരങ്ങളുടെ സ്വഭാവമനുസരിച്ച്, നിജസ്ഥിതി പരിശോധിച്ച് ആവശ്യമായ പ്രത്യാഘാത ലഘൂകരണ നടപടികൾ സ്വീകരിക്കേണ്ടതാണ്

- പദ്ധതി ബാധിതമാകുന്ന അവശ്യസൗകര്യങ്ങൾ പുനസ്ഥാപിക്കുന്നതിന് ഏറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന സ്ഥലം അപര്യാപ്തമല്ലാതിരിക്കുന്ന സാഹചര്യത്തിൽ ടി സൗകര്യങ്ങൾ നിലനിറുത്തുന്നതിന് പദ്ധതിയിൽ സാധ്യമായ മാറ്റം പരിഗണിക്കുക.
- പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടിശല്യവും യന്ത്ര സാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.
- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷ തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

## സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
4. കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള നയം
5. 2025 ആഗസ്റ്റ് 21 തിയ്യതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 3027 ൽ പ്രസിദ്ധപ്പെടുത്തിയ റവന്യു (ബി) വകുപ്പിൻെറ വിജ്ഞാപനം നമ്പർ സ.ഉ.(അച്ചടി)നം.309/2025/റവ.